

ശ്രീമൂലംമലയാളഭാഷാഗ്രന്ഥാവലി

ഗിരിജാകല്ല്യാണം

ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലി.

ഗ്രന്ഥാങ്കം ൮.

ഗിരിജാകല്യാണം

ഗീതപ്രബന്ധം

തിരുവിതാംകൂർ ഗവർന്മെന്റ് സെക്രട്ടറിയും

ഭാഷാഗ്രന്ഥപ്രകാശകനും ആയ

കവിതിലകൻ എസ്. പരമേശ്വരയ്യർ, എം. എ., ബി. എൽ.,

പരിശോധിച്ചു

തിരുവിതാംകൂർ ഗവർന്മെന്റിന്റെ അനുജ്ഞാനുസരിച്ചു

പ്രസിദ്ധപ്പെടുത്തുന്നത്.



തിരുവനന്തപുരം

തിരുവിതാംകൂർ സർക്കാർ അച്ചുക്കൂടത്തിൽ അച്ചടിച്ചത്

൧൧൦൨.

THE SRÎ MÛLAM MALAYÂLAM SÊRIES.

No. VIII.

GIRIJÂKALYÂNAM

GÎTÂPRABANDHAM



EDITED

WITH AN INTRODUCTION


AND

AN APPENDIX

BY

S. PARAMESVARA AIYAR, M. A., B. L.,
[KAVITILAKA]
Secretary to the Government of Travancore,
and
Curator for the publication of Malayalam Manuscripts.

PUBLISHED UNDER THE AUTHORITY OF THE GOVERNMENT OF TRAVANCORE.



TRIVANDRUM:
PRINTED BY THE SUPERINTENDENT, GOVERNMENT PRESS
1925.

അവതാരിക.

സുപ്രസിദ്ധമായ നളചരിതം നാലു ദിവസത്തെ കഥകളിപ്പാട്ടിന്റെ കർത്താവായ മഹാകവി ഉണ്ണായിവാരിയരുടെ, അത്രമാത്രം തന്നെ പ്രസിദ്ധി സിദ്ധിച്ചിട്ടില്ലാത്തതും എന്നാൽ സിദ്ധിക്കുവാൻ സർവ്വഥാ അർഹതയുള്ളതുമായ, ഒരു വിശിഷ്ടകൃതിയാകുന്നു ഗിരിജാകല്യാണം ഗീതപ്രബന്ധം. ഈ കൃതി ആദ്യമായി ക്രി. പി. ൧൮൬൫-ൽ “പാർവ്വതീസ്വയംവരം അല്ലെങ്കിൽ ഗിരിജകല്യാണം” എന്ന പേരിൽ കൊച്ചിയിൽ സെന്തോമസ്സ് അച്ചുകൂടത്തിൽ അച്ചടിക്കപ്പെട്ടു. സ്ഖലിതദുഷ്ടമായ ആ പതിപ്പിനെപ്പററി ഗോവിന്ദപ്പിള്ള സർവ്വാധികാര്യക്കാർ അവർകൾ കൊല്ലം ൧൦൬൮-ൽ പരിഷ്കരിച്ചു പ്രസിദ്ധപ്പെടുത്തിയ മലയാളഭാഷാചരിത്രം രണ്ടാം ഭാഗത്തിൽ ഒന്നും തന്നെ പ്രസ്താവിച്ചു കാണാത്ത സ്ഥിതിക്ക് അത് അദ്ദേഹത്തിന്റെ ദൃഷ്ടിഗോചരമായിരുന്നുവോ എന്ന സംശയിക്കേണ്ടിയിരിക്കുന്നു. “മലയാളസാഹിത്യചരിത്രസംഗ്രഹം” എന്ന പുസ്തകം ൧൦൯൭-ൽ പ്രസിദ്ധപ്പെടുത്തിയ ശ്രീമാൻ പി. ശങ്കരൻ നമ്പിയാർ എം. എ. ഗിരിജാകല്യാണത്തെ “കിളി (തുള്ളൽ) പ്പാട്ട്” എന്നു വിചാരിക്കുന്നതിൽനിന്ന് അക്കാലത്ത് അദ്ദേഹത്തിന് ആ ഗ്രന്ഥത്തെപ്പററി കേട്ടുകേൾവിയല്ലാതെ മറെറാരറിവുമുണ്ടായിരുന്നതായി വിചാരിക്കുവാൻ ന്യായം കാണുന്നില്ല. ഗിരിജാകല്യാണം ഒരു കിളിപ്പാട്ടോ തുള്ളൽപ്പാട്ടോ അല്ലെന്നും കവി സ്വമേധയായി കഥ പറഞ്ഞുകൊണ്ടു പോകുന്നതും അദ്ദേഹം ഗീതപ്രബന്ധം എന്നു നാമകരണം ചെയ്തിട്ടുള്ളതുമായ ഒരു ഗാനമാണെന്നും പറയേണ്ടതില്ലല്ലോ. സെന്തോമസ്സ് അച്ചുകൂടക്കാരുടെ ആ പഴയപതിപ്പു ഞാൻ ബാല്യത്തിൽ എവിടെവച്ചോ വായിച്ചു ഒരോർമ്മ അല്പവിസ്മൃതിയിൽ ആണ്ടുകിടന്നതിനാൽ വർത്തമാനപ്പത്രം വഴി അതിനെപ്പററി തിരക്കുകയും അതിന്റെ ഫലമായി മാന്നാററു കുട്ടമ്പേരൂർ ശ്രീവിദ്യാപ്രകാശിനീസംസ്കൃതപാഠശാലയിൽ അദ്ധ്യാപകനായ എന്റെ സ്നേഹിതൻ ശ്രീമാൻ

വി. ജി. കൊച്ചുകൃഷ്ണനാശാന്റെ കൈവശമുണ്ടായിരുന്ന അതിന്റെ ഒരു പ്രതി എനിക്കു കിട്ടുവാനിടവരികയും ചെയ്തു. എന്റെ പതിപ്പിന്റെ അച്ചടി കഴിഞ്ഞതിനുമേലാണ് എനിക്ക് ആ പുസ്തകം കിട്ടിയതെന്നുവരികിലും ഒരൊററ ഗ്രന്ഥത്തെ മാത്രം ആശ്രയിച്ചുള്ളതും ആരും തന്നെ പരിശോധിക്കാത്തതുമായ അതു മുൻകൂട്ടി ലഭിക്കാത്തത് ഒരു നഷ്ടമായി തോന്നിയില്ല. ഗിരിജാകല്യാണത്തിന്റെ പ്രഥമകാണ്ഡം (ഖണ്ഡമെന്നും ചില ഗ്രന്ഥങ്ങളിൽ കാണുന്നു) പ്രശസ്തപണ്ഡിതനായ എന്റെ സ്നേഹിതൻ ശ്രീമാൻ പി. കെ. നാരായണപിള്ളയുടെ ഒരു ചെറിയ ടിപ്പണിയോടുകൂടി ചെത്തിവ ദിവാൻബഹദൂർ കൃഷ്ണൻനായർ വായനശാലയുടെ ഭാരവാഹികൾ ൧൦൮൦-ൽ അച്ചടിപ്പിക്കയുണ്ടായി. എന്റെ പതിപ്പിനു ഞാൻ ഉദയമ്പേരൂർ മങ്ങലശ്ശേരി ഇല്ലത്തു ശ്രീമാൻ ശ്ലവരൻ കണ്ടൻ നമ്പൂരിയുടെപക്കൽനിന്നും മററും മഹാമഹോപാദ്ധ്യായൻ ഗണപതിശാസ്ത്രി അവർകൾ സമ്പാദിച്ച രണ്ടും, കുളക്കോട്ടു കിഴക്കേടത്തു ശ്രീമാൻ ചന്ദ്രശേഖരവാരിയരുടെ ഗ്രന്ഥശാലയിൽനിന്നു പണ്ഡിതർ വടക്കുംകൂർ രാജരാജവൎമ്മരാജാവു കൊണ്ടുവന്ന ഒന്നും, ഇങ്ങനെ മൂന്നു ഗ്രന്ഥങ്ങളെ അവലംബിച്ചു. ഗണപതിശാസ്ത്രികൾ സമ്പാദിച്ചതിൽ ഒരു ഗ്രന്ഥം

„കോപ്പതെല്ലാം കണ്ടു താൽപര്യം പൂണ്ടു
ക്ലൂപ്പിടാതെ നിന്നു ഗീഷ്പതി ചൊല്ലിനാൻ.”

എന്ന ഭാഗത്തിൽ അവസാനിക്കുന്നു. മററു രണ്ടു ഗ്രന്ഥങ്ങളും സമഗ്രങ്ങൾ തന്നെ. ഒന്നിലധികം ഘട്ടങ്ങളിൽ എന്റെ മനസ്സിനു നിർദ്ദോഷമെന്നു തോന്നിയ ഒരു പാഠം കണ്ടുപിടിക്കുവാൻ ഒട്ടുവളരെ പണിപ്പെടേണ്ടിവന്നു എന്നുപറയേണ്ടതില്ലല്ലോ.

ഉണ്ണായിവാരിയരുടെ കാലത്തെയും കവിതകളെയും പററി അനേകം അന്വേഷണങ്ങൾ നടത്തിയതിന്റെ ഫലമായി ഇതുവരെ കേരളീയരുടെ അറിവിൽപ്പെട്ടിട്ടില്ലാത്ത ഏതാനും ചില വിവരങ്ങൾ ലഭിക്കുവാൻ ഇടവന്നു. അവയെ ഈ അവസരത്തിൽ ഭാഷാഭിമാനികളെ ഗ്രഹിപ്പിക്കുന്നതിന് എനിക്കു പ്രത്യേകം സന്തോഷമുണ്ട്. ഈ വിഷയത്തിൽ എനിക്ക് അമൂല്യങ്ങളായ പല സഹായങ്ങളും ചെയ്തുതന്നിട്ടുള്ള എന്റെ സ്നേഹിതൻ കേരളപുത്ര്യാദിഗ്രന്ഥകർത്താവായ ശ്രീമാൻ അമ്പാടി നാരായണപ്പു

ഇവരുടെ പേരിൽ എനിക്കുള്ള കൃതജ്ഞത വാക്കുകളാൽ പരിച്ഛേദിക്കാവുന്നതല്ല.

കൊച്ചിസ്സീമയിൽ പ്രസിദ്ധവും പാവനവും ആയ ഇരിങ്ങാലക്കുട കൂടൽമാണിക്യക്ഷേത്രത്തിന്റെ തെക്കേഗോപുരത്തോട് അടുത്തുകിടക്കുന്ന 'അകത്തൂട്ട വാരിയ'ത്തിലാണ് നമ്മുടെ മഹാകവി ജനിച്ചത്. അകത്തൂട്ട വാരിയന്മാർക്ക് പണ്ടേക്കുപണ്ടേ കൂടൽമാണിക്യക്ഷേത്രത്തിൽ കഴകമുണ്ട്. ഉണ്ണായിവാരിയരുടെ സാക്ഷാൽ നാമധേയം രാമൻ എന്ന് ആയിരുന്നു. രാമൻ 'ഉണ്ണിരാമൻ' ആയും ഉണ്ണിരാമൻ (ഉണ്ണിരാമവാരിയർ—ഉൺരാമവാരിയർ—ഉൺരായിവാരിയർ—ഉണ്ണായിവാരിയർ) ഉണ്ണായിയായും പരിണമിച്ചാണ് രാമവാരിയർ ഉണ്ണായിവാരിയരായി തീർന്നതു്. സ്വന്തം അമ്മാവൻ തന്നെയായിരുന്നു വാരിയരുടെ ഗുരുനാഥൻ. ബാല്യത്തിൽ ഒരിക്കൽ അമ്പലത്തിലെ കഴകപ്രവൃത്തിക്ക് എന്തോ വീഴ്ചവരുത്തുകയാൽ മാതുലൻ മരുമകനെ ശാസിക്കേണ്ടിവന്നു. അപ്പോൾ അദ്ദേഹത്തിന്റെ മുഖത്തിൽനിന്നു നിർഗ്ഗമിച്ച ഒരു ദ്രുതകവനമാണ് താഴെക്കാണുന്ന ഭാഷാശ്ലോകം.

താഡിക്കേണമെന്നു ചൊല്ലിക്കൊടുത്ത തടിയുമായ്
പ്രാണനിര്യാണകാലേ
തൊടിച്ചാടിച്ചു കൃതാന്തഭടരവരടിയേനെ-
പ്പേടിപ്പിക്കും ദശായാം
കോടക്കാർമേഘവർണ്ണം തഴുകിയ വനമാ-
ലാവിഭൂഷാഞ്ചിതം തേ
കൂടക്കാണായ്‌വരേണം തിരുവുടലഴകേ
കൂടൽമാണിക്യമേ! മേ.

'താഡിക്കേണ്ട്' എന്നുവച്ചാൽ 'താഡിക്കേണ്ടതു്' എന്നാണർത്ഥം. ഇതുകൂടാതെ വാരിയരുടെ വകയായി ഒരു ഭാഷാശ്ലോകം കൂടി കേട്ടിട്ടുള്ളതു താഴെ ഉദ്ധരിക്കാം.

നില്ലപ്പാ! നിലനില്ല പൊറുത്തുമിവിടെ-
ത്തന്നെ മലർക്കന്യയാം
വല്ലികെട്ടുമണിത്തു മന്ദഹസിതം
വിസ്മൃത്യ പത്രാവലിം

തെല്ലുറച്ചേന്റ കലിപിനീപരിസരേ
നില്ക്കുന്ന കല്പദ്രുമം
ചൊല്ലിക്കൊണ്ടതു നല്കും; എന്തിനു മന-
ക്കാമ്പേ! മറിച്ചങ്ങ് ഭ്രമം?

കലിപിനി ഇരിങ്ങാലക്കുടക്ഷേത്രക്കുളത്തിന്റെ പേരാണത്രെ.

വാരിയരുടെ കവിതകളിൽ ഏറ്റവും പ്രാധാന്യം വഹിക്കുന്നതു 'രാമപഞ്ചശതീസ്തോത്രം' എന്ന സംസ്കൃതകാവ്യമാണ്. അതു മഹാകവി മേല്പുത്തൂർ നാരായണഭട്ടതിരിയുടെ ഗുരുവായൂപുരേശസ്തവമായ 'നാരായണീയ'ത്തെ അനുകരിച്ചു നിർമ്മിച്ചിട്ടുള്ളതും അമ്പതു ദശകങ്ങളിലായി അഞ്ഞൂറിൽപ്പരം ശ്ലോകങ്ങളടങ്ങിയതുമായ ഒരു സാരസ്വതപ്രവാഹമാകുന്നു. രാമായണമാണ് കാവ്യത്തിലെ പ്രതിപാദ്യവിഷയം; രാമനാണ് കാവ്യകർത്താവ്. അതിനാൽ ഭട്ടതിരിയുടെ കാവ്യം എങ്ങനെ 'മേധാ നാരായണീയ'മോ അതുപോലെ വാരിയരുടെ കാവ്യവും 'മേധാ രാമപഞ്ചശതീസ്തോത്രം' തന്നെ. പരിണതപ്രജ്ഞനും ഭാവനാകുശലനും ആയ വാരിയർ ഈ കാവ്യത്തിൽ ശബ്ദവിഷയകമായി പ്രസാദംകൊണ്ടല്ലെങ്കിലും ഔന്നത്യംകൊണ്ടു ഭട്ടതിരിയെക്കൂടി ഒന്നു തല കുനിപ്പിക്കുന്നില്ലയോ എന്നു തോന്നിപ്പോകുന്നു. ഉദാഹരണത്തിനായി ആദ്യത്തെ ശ്ലോകം ഉദ്ധരിക്കാം.

ആനന്ദബോധമയമാത്മനിരുദ്ധഭേദാ-
തീതം ധിയാം-
കാര്യാശ്രയാമപി
പ്രത്യഗ്ദൃശാമപി സതാം
ശ്രീവത്സലാഞ്ഛനകൗസ്തുഭരാജമാനവപുഃ
ശ്രീവാസുദേവസ്വരൂപം
ശ്രീമത്സംഗമമന്ദിരേ വിഹരതാത്
ശ്രേയഃപ്രദായി നൃണാം.

'ഇണ്ടൽ തീർക്കുന്നവൻ നിശ്ചയം
ചിന്തയാൽ പദം
തന്നെ ചേർന്നവരെന്നാൽ ഭക്തിയോ
മുക്തിയോ ഭാഗ്യം ഗതം

ധന്യാ/ന്യാ [illegible] കരോപി ന [illegible]
സ്തന്യം ജനന്യാഃ [illegible]ബൽ;
തം നാഥം ജഗതാം നമാമി ശിരസാ
ശ്രീസംഗമേശം ഹരിം.

മഞ്ജുസ്വർണ്ണകിരീടമഞ്ജനശില-
ഭാളീകചഞ്ചൽക്കചം
കിഞ്ജല്ക്കാഭ[illegible]പില്ലവല്ലിവലനൈ-
വ്യഞ്ജൽപ്രപഞ്ചസ്ഥിതിം
കഞ്ജാനന്ദമു[illegible]ത്രമുന്നാ[illegible]സി-
ന്യഞ്ചന്മണികുണ്ഡലം
സഞ്ജല്പാമൃതഫേനപുഞ്ജഹസിതം
[illegible]ഞ്ചിന്തയേ [illegible]ത മുഖം.

[illegible]ഗ്ഗലപ്രഭൃതകൌസ്തുഭം കരലഗൽ
കൌമോദകീശംഖഭാം-
[illegible]ഗ്ഗാരാതിസുദർശനാബ്ജലസിതം
ശ്രീവത്സലക്ഷ്മ്യാഞ്ചിതം
നിഷ്കപ്രൗഢിമഹൽപ്രശോഭനസ-
ന്നാഭിസ്ഥനാളീകമ-
ന്യൂക്ഷ്മാദ്രീത[illegible]വദാഭോഗത്തു [illegible]
ദോഷം തവ[illegible] വപുഃ.

പ്രോ[illegible]ദ്ധം ഗാഢനിവിതപീതവസ[illegible]-
വ്യാ[illegible] [illegible]ശിഞ്ചിക[illegible]-
ന്മഞ്ജിപ്രാപ്രപദീനനീവിനിഭൃതം
പീനോരുജാനുദ്വയം
ആപാദ്യൽസനാകാന്തം [illegible]ഭൂഷണം
പാദാബ്ജ[illegible]
ഘ്രാസിഷാരിതചൂഡകം വന്ദേ
തായും സംഗമേശാലയേ!

പൂവും പൂങ്കുയിലുമൊത്ത് പൂന്തേൻ[illegible]
വള്ളം പുന്നാഗ [illegible]-
ങ്ങളും പൂവാടി [illegible]
[illegible]ദ്ധിതിലപാന്ദത്തേ?

ദൃഷ്ടം രക്ഷസി; രക്ഷ; രക്ഷിതമലം
സംഹൃത്യ; കൃത്യാദിതോ
ഭീഷ്മാതിവിഷു വിരമ്യ; സമൃഗിതി കിം
ചിത്രാസി വിത്രാസിതഃ?

ന്യസ്തം ചേതസി യദ്വദസ്യ യതിഭിം
നിസ്സന്ദേഹധിയൈതർഹതി-
സ്സന്തൻ സ്മൃതിരത്വ സുപ്തബുധിതൈ
ർന്നിത്യം തപോയജ്ഞാദികം;
ചിത്തം ചന്ദ്രചൂഡമാതൃമിത്രദയിതാ-
ദ്യുത്യാദി ചരണമതയേ
പ്രാപ്തം ദേവാഗ്നനായ തത്തദചിതം
യത്തോഽസി തത്തോഷിതഃ.

ശ്രുത്വാപുണ്യപരമ്പരാമിഹജനേ
ജാനാതി മർത്യോ ന താം
... പുണ്യചരിതം പുരാതനജനേ
... നാതിയന്തന ...
പ്രീണാതി ശ്രവണത്രയം ക്ഷിതിസന്ത-
ന്താനാനി ചേതാനിശം
പ്രാണാന്തം പ്രണതാവശം ബത പാശൈ
... ദ്രവശേ.

... പ്രചലനോ
... ബുധാരാസമാ
... ജനാശ്ച ബന്ധു-
ന്ധന്യാന്തികേ തദ്യാപി
... തഥാപി മമ ശ്രു-
തൗ ചിന്ത്യമൃത്യു മാ;
... ബിഭ്രഷ്ട നയനേ
... ലേ
... പ്രായ ...
...
ധ്യാനപ്രാവണികീകൃതം ...
... യോഗിഭിഃ

ഏതൽ പാവനതാസുധാകരശരൽ
ഭാനപ്രകാശാംശുഭ-
ദ്ധ്യാനല്പാമൃതമീക്ഷിതും തവ വപുഃ
പ്രാണപ്രയാണേ വൃണേ.

അരണ്യകാണ്ഡത്തിൽ നിന്ന് ഒരു പദ്യം താഴെ ചേർത്തുകൊള്ളുന്നു.

നിരവർണ്ണയൽ സ വരവർണ്ണിനീമുഖം
മതിനിർണ്ണയായ യതിവർണ്ണയാ ദൃശാ
സമവർണ്ണയച്ചരണചണ്ഡതാം തദാ
സ്വരവർണ്ണശുദ്ധ്യുപദംശനധയാ ഗിരാ.

താഴെ കാണുന്നതു സുന്ദരകാണ്ഡത്തിലെ ഒരു പദ്യമാണ്.

സൌധേ ഹർമ്മ്യേ സഞ്ജവനേ ചാപ്യവരോധേ
സീതാദേവീമേഷ വിചിന്വന്നവലോക്യ
കങ്കേളീനാം കല്പതരൂണാം വിപിനം സ്വം
ക്ലാന്തോ മദ്ധ്യേ ശിംശപമാസ്ഥ ക്ഷണമാത്രം.

യുദ്ധകാണ്ഡത്തിൽനിന്ന് ഒരു ശ്ലോകംകൂടി ഉദ്ധരിക്കട്ടെ.

തദ്ബാണേദ്ധ്വസ്തബിഭ്രത്തപഃശിതമവാരിഷം
ബോധയൻ കുംഭകർണ്ണം
തദ്ബാഹൂച്ഛേദമായാർത്തൻ സ്വരിപുമുഖശര-
സ്ത്രാസ്ത്ര പുത്രേണ സാകം;
കല്പാന്തോന്നിദ്രരുദ്രപ്രതിഭടവപുഷാ
ശൂലിനാ തേന തേനേ
ദർപ്പാഢ്യാ യാ കപീനാമശനിരശനിസ്സാ
പാദപാതാ തദാശാ.

നാല്പത്തൊൻപതാമത്തെ ദശകത്തിൽ ഗ്രന്ഥകർത്താവു തന്നെപ്പറ്റി പ്രകടമായി ചില വിവരങ്ങൾ പ്രസ്താവിക്കുന്നുണ്ട്.

ഭവന്മാലാകാരോ ഭജനവിമലാകാരകരണോ
സ്മൃത്വാ രാമം രാമായണമഭണനമവ്യം തവ പുരാ;
സുഖം കാലേ കാലേ സ്വജനപരിപുഷ്ട്യൈ രചിതാ
ജഗന്മാതുർമ്മോദം ദിശതു സാരാധനാതവ ഫളി.

ഇതിൽനിന്നു കവിയുടെ നാമധേയം രാമനെന്നും അദ്ദേഹത്തിന്റെ വൃത്തി ഇരിങ്ങാലക്കുടക്ഷേത്രത്തിൽ മാലകെട്ടെന്നും വിശദമാകുന്നുണ്ടല്ലോ. ആ ശതകത്തിൽ തന്നെയുള്ള മറ്റൊരു ശ്ലോകമാണ് താഴെ കുറിക്കുന്നത്.

"ബുധോ വാ മുഗ്ദ്ധോ വാസ്ത്വപിഹ കവയിതാ സ്യാൽ കിമിയതാ?
ശ്രുതാ വാല്മീകീയാ രഘുപതികഥാ യേന ഹി യഥാ
തഥൈവേയം തസ്യാ യദ്ഭുതകഥനകാലേ പരിണമേത്
പ്രസത്ത്യൈ ശ്രോതൄണാം ഫലമിമമൃതേ കിം കവികൃതേ?"

ഗ്രന്ഥസമാപ്തിയിലുള്ളതാണ് അധോലിഖിതമായ പദ്യം.

"ശാന്തം നാതി സഹേ ന ചോക്തുമപി ച
ശ്രീസംഗമാധീശ്വര!
സ്വാതന്ത്ര്യേ ചകിതസ്ത്വമസ്മി; സുഖിത
സ്ത്വൽപാരതന്ത്ര്യേ സ്മൃതേ;
ത്വദ്ദാസേഷു ധാത്രീഷ്വപി ചോദ്യമേഷു ശിരസി
സംധാരയേ തദ്ധൃതത്ത്വം ഭവ
സ്ത്വദ്ദാസേഷ്വപി മേ തവൈവ കരുണാ
പാത്രീകൃതാത്മാ തതഃ."

ഈ സ്തോത്രത്തിൽ പ്രഥമശതകം കൂടൽമാണിക്യസ്വാമിയുടെ കേശാദിപാദമാണെന്നു കണ്ടുവല്ലോ. അന്ത്യദശകം പാദാദികേശമാണ്. ഈ വിഷയത്തിൽ വാരിയർ ഭട്ടതിരിപ്പാട്ടിലെ അനുകരിക്കുന്നില്ല. ഭട്ടതിരി തന്റെ കാവ്യം ഒരു കേശാദിപാദംകൊണ്ടത്രേ സമാപിപ്പിക്കുന്നത്.

രാമ[illegible]ശതീസ്തോത്രത്തിനു പത്തറുപതു കൊല്ലങ്ങൾക്കു മുൻപു രാമൻനമ്പിടി എന്നൊരു വിദ്വാൻ ഒരു ലഘുവ്യാഖ്യാനം നിർമ്മിച്ചിട്ടുണ്ട്. അത് അന്ന് ഇരിങ്ങാലക്കുടവാരിയത്തിൽ മൂപ്പായിരുന്ന പ്രസിദ്ധജ്യോതിഷികൻ ശങ്കുവാരിയരുടെ ആവശ്യപ്രകാരം രചിച്ചതാണെന്നു താഴെ ഉദ്ധരിക്കുന്ന വ്യാഖ്യാതൃപദ്യത്തിൽനിന്നു വെളിവാകും.

ധീമാൻ പാരശവാഗ്രണീർവിജയതേ
ജ്യോതിർവിദഗ്രേസരഃ
ഖ്യാതോ ദക്ഷിണമന്ദിരാധിപതിരപ്യൻ
ശങ്കരാഖ്യോഽമലഃ

രാമസ്സുധാഗിരാവികല്പിതമതി
സ്സങ്കല്പ്യ ചാതുൎഗ്ഗിത
ഗേയ്യമാം പഞ്ചശതീസ്തവസ്യ വിവൃതിം
കുൎവ്വെ യഥാമത്യഹം.

ഏറെക്കാലം ഇരിഞ്ഞാലക്കുടയിൽ കഴിച്ചുകൂട്ടിയതിനു ശേഷം വാരിയർ കുറെ നാൾ തൃശ്ശിവപേരൂർ താമസിച്ചു വടക്കുന്നാഥസ്വാമിയെ ഭജിക്കുകയുണ്ടായി. അക്കാലത്ത് അദ്ദേഹം വടക്കുന്നാഥസ്തുതിയായി പല കീൎത്തനങ്ങളും നിൎമ്മിച്ചിട്ടുള്ളതിൽ ഏതാനും ചിലത് എന്റെ കൈവശം വന്നുചേൎന്നിട്ടുണ്ട്. അവ ഈ ഗ്രന്ഥത്തിന്റെ അനുബന്ധമായി ഒടുവിൽ പ്രസിദ്ധപ്പെടുത്തുന്നു. ആ അവസരത്തിൽ അന്നു തൃശ്ശിവപേരൂരിലും മററും നാടുവാഴിസ്ഥാനമുണ്ടായിരുന്ന ചങ്ങരൻകോതക്കൎത്താവുമായി വാരിയർ പരിചയപ്പെടുവാൻ ഇടയാകുകയും കൎത്താവിന്റെ ആജ്ഞാനുസാരം വടക്കുന്നാഥക്ഷേത്രത്തിലേക്കു തന്റെ ഒരു വഴിപാടെന്ന നിലയിൽ ആ മഹാകവി ഗിരിജാകല്യാണം ഗീതപ്രബന്ധം നിൎമ്മിക്കുകയും ചെയ്തു. ഇത് എന്റെ കൈവശം കിട്ടീട്ടുള്ള ഒരു ഗ്രന്ഥത്തിന്റെ അവസാനത്തിൽ ഗ്രന്ഥകൎത്താവു തന്നെ കുറിച്ചിട്ടുള്ള ഒരു പദ്യത്തിൽനിന്നു വിശദമാകുന്നു

"ഗിരിജാകല്യാണമിദം
നിരമാദലിഖച്ച രാമപാരശവഃ
സങ്കടമോചനഹേതോ-
ശ്ശങ്കരഗോദപ്രഭോൎന്നിദേശേന."

ഇതിൽനിന്നു ഗിരിജാകല്യാണം കവിതന്നെ നിൎമ്മിച്ച് ആദ്യം ഒരു ഗ്രന്ഥത്തിൽ എഴുതിയതായി കാണുന്നു.

നളചരിതം കഥകളിപ്പാട്ടു വാരിയരുടെ ഒടുവിലത്തെ കൃതി എന്ന് ഊഹിക്കുന്നു.

ഉണ്ണായിവാരിയരുടെ ജീവിതകാലത്തെപ്പററി ഒരഭിപ്രായം പറയുന്നതിനു വളരെ ആലോചിക്കേണ്ടിയിരിക്കുന്നു. വാരിയർ കൊല്ലം ൯൱൯-ാമാണ്ടിടയ്ക്കു ജനിച്ചു എന്നും ൯൪൪-ാമാണ്ടിടയ്ക്കു തിരുവനന്തപുരത്തു വന്നു കാൎത്തികതിരുനാൾ രാമവൎമ്മ മഹാരാജാവു തിരുമനസ്സിലെ മുഖംകാണിച്ചു എന്നും അന്നു ഇവിടെ വച്ചു മഹാകവി കുഞ്ചൻനമ്പിയാരുമായി പരിചയപ്പെട്ടു എന്നും ടിപ്പുവുമായുള്ള യുദ്ധത്തെപ്പററി

ചില മണിപ്രവാളശ്ലോകങ്ങളും ഉണ്ടാക്കിയെന്നും ൯൭൧-ാമാണ്ട് ഇരിങ്ങാലക്കുടവച്ച് ൬൧-ാമത്തെ വയസ്സിൽ മരിച്ചു എന്നും സൂക്ഷ്മം പോലെ ൧൦൫൬-ലെ ഭാഷാചരിത്രം ഒന്നാംപതിപ്പിൽ പറഞ്ഞു കാണുന്നതു യാതൊരു രേഖയേയും അടിസ്ഥാനപ്പെടുത്തിയല്ലെന്നു തെളിയിക്കുവാൻ പ്രയാസമില്ല. രണ്ടാംപതിപ്പിൽ ൯൩൩-ന് ഇടയ്ക്ക് അല്ല ൯൮൦-ന് ഇടയ്ക്കാണ് വാരിയർ കാർത്തികതിരുനാൾ തിരുമേനിയെ മുഖംകാണിച്ചത് എന്ന പഴയ ഐതിഹ്യത്തെ സ്വല്പം ഭേദപ്പെടുത്തി പറഞ്ഞിരിക്കുന്നതും വിശ്വാസയോഗ്യമല്ല.

"ഭൂപാലരമണദയിതാ
കളിയല്ലന്നതിചിരസ്മൃതാ
പ്രാണൻ കളയുമതിവിധുരാ
എന്നാൽ കലമിതഖിലവുമറിവന്നിതു."

എന്ന നളചരിതം ഒന്നാംദിവസത്തെ കഥയിലെ പദഖണ്ഡം അറമാണ് എന്നൊരൈതിഹ്യമുണ്ട് എന്നും ഉണ്ണായിവാരിയർ സന്തതിപ്രസരമില്ലാതെയാണ് മരിച്ചത് എന്നും ഉള്ളതു നിർവിവാദമാണ്. വാരിയരുടെ മരണശേഷം അകന്ന ഒരു ശാഖയിൽ ഒററയായി ശേഷിച്ച ഒരന്തരവൻ തൃശ്ശൂരിനടുത്തു കൂട്ടനല്ലൂർ വാരിയത്തുനിന്ന് അകത്തൂട്ടുവാരിയത്തേക്കു ദത്തുവാച്ചു. അതിനാൽ രണ്ടു തലമുറയ്ക്കുശേഷമാണ് ഒരു പ്രസിദ്ധജ്യോതിശ്ശാസ്ത്രജ്ഞനായ ഇട്ടുണ്ണിക്കണ്ടവാരിയർ കുടുംബത്തിൽ മൂപ്പനായതെന്നത്രേ ഐതിഹ്യം. ഇട്ടുണ്ണിക്കണ്ടവാരിയർ ൯൯൭-ൽ തന്റെ മകൻ തൃപ്പൊയ്ക്കാട്ടു ശങ്കുവാരിയരെ അന്നത്തെ മൂപ്പരുംകൂടി ദത്തെടുത്തു കുടുംബത്തേക്ക് അവകാശിയാക്കിത്തീർത്തു. ആ ദത്താധാരം ഇപ്പോഴും ഉണ്ട്. അദ്ദേഹം ൭൦-ൽ ചില്വാനം വയസ്സു ജീവിച്ചിരുന്നതിനു ശേഷം കൊല്ലം ൧൦൦൧-ാമാണ്ടിടയ്ക്കു കാലധർമ്മത്തെ പ്രാപിച്ചു. പിന്നീടു രാമൻനമ്പിടിയെക്കൊണ്ടു രാമപഞ്ചശതീസ്തോത്രം വ്യാഖ്യാനിപ്പിച്ച ശങ്കുവാരിയർ മൂപ്പനായി. അദ്ദേഹം ൭൮-വയസ്സോളം ജീവിച്ചിരുന്ന് ൧൦൬൮-ൽ അന്തരിച്ചു. ശങ്കുവാരിയർ മുതലേ ഉയർത്തിവന്ന പൂർവികന്മാരുടെ കൂട്ടത്തിൽ രാമൻ എന്നൊരു പേർ കാണുന്നില്ല. ഉണ്ണായിവാരിയർ ഇട്ടുണ്ണിക്കണ്ടവാരിയരുടെ അടുത്ത പൂർവികനായിരുന്നില്ല എന്നുള്ളത് ഇതിൽനിന്നു വിശദമാകും. ശങ്കുവാരിയരുടെ കാലത്തിനിപ്പുറം കുറേക്കൊല്ലം ജ്യോതി

ഷവിഭാൻ കുട്ടൻവാരിയർ കലമറിമയെ പരിപാലിച്ചു പോ ന്നിരുന്നു. ഇപ്പോഴത്തെ കാരണവൻ ഈശ്വരവാരിയരാണ്.

കുഞ്ചൻനമ്പിയാർക്കു എന്നതുപോലെ യാതൊരു ക്ഷേത്രാനുഭവവും കാർത്തികതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു ഉണ്ണായിവാരിയർക്കു പതിച്ചുകൊടുത്തതായി കാണുന്നില്ല. കായംകുളം രാജ്യം പിടിച്ചടക്കിയ അവകാശവഴിയാണല്ലോ തിരുവിതാംകൂറിലേക്കു ഇരിങ്ങാലക്കുടക്ഷേത്രത്തിലെ മേൽക്കോയ്മസ്ഥാനം സിദ്ധിച്ചതു്. പണ്ഡിതപക്ഷപാതിയായ കാർത്തികതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു ഇരിങ്ങാലക്കുടക്ഷേത്രത്തിലെ കഴകപ്രവൃത്തിക്കാരനായ ഒരു മഹാകവി തന്നെ സന്ദർശിച്ചിരുന്നാൽ അദ്ദേഹത്തിനു വല്ല പ്രത്യേകാനുഭവങ്ങളും ആ ക്ഷേത്രത്തിൽതന്നെ പതിച്ചുകൊടുത്തിരിക്കുവാൻ ഇടയുണ്ടു്. അവിടുന്നു സമ്പാദിച്ച വലിയകൊട്ടാരം ഗ്രന്ഥപ്പുരയിൽ ഗിരിജാകല്യാണം ഗീതപ്രബന്ധത്തിന്റെയോ രാമപഞ്ചശതീസ്തോത്രത്തിന്റെയോ ഒരു താളിയോലപ്രതിപോലും കാണുന്നില്ല. നളചരിതം കഥകളി തിരുവനന്തപുരത്തുവച്ചു നിർമ്മിച്ചു എന്നുള്ളതിനു യാതൊരു തെളിവുമില്ല. നേരെമറിച്ചു ൯൨൭-ാമാണ്ടിടയ്ക്കു വാരിയർ ഇവിടെ വരികയും കുറേക്കാലം താമസിക്കയും ചെയ്തിരുന്നു എന്നാൽ വലിയ ഒരു സംസ്കൃതപണ്ഡിതനായ അദ്ദേഹം മഹാകവി അശ്വതിതിരുനാൾ തിരുമേനിയെ അനുകരിച്ചു സംസ്കൃതശ്ലോകങ്ങൾകൊണ്ടു തന്നെ ആദ്യന്തം തന്റെ കഥകളി പൂരിപ്പിച്ചിരുന്നിരിക്കാനാണ് എളുപ്പമുള്ളതു്. „കാതിലോലാ; നല്ലതാളി" "കരി കലക്കിയ കുളം; കുളം കലക്കിയ കളം" "ചോറ്റിൽക്കിടക്കുന്ന പന്നിത്തടിയനും; ചായ്ക്കുന്ന ചേരത്തിൽ പ്രവരനാം"; ഈ മൂന്നു ദൃഷ്ടാന്തങ്ങൾക്കും വലിയ വിലയൊന്നും വരുത്താനില്ല. കാളിദാസനേയും ഭവഭൂതിയേയുമോ എഴുത്തച്ഛനേയും കുഞ്ചനേയുമോ പററിയുള്ള ദൃഷ്ടാന്തങ്ങളല്ലേ, „ചോദിച്ചത്തി പക്ഷേ നിന്റെ മനംപോലെ (?)" "ചൂടാതിരിപ്പിൽ വാളവരിങ്ങും (?) നമ്മെടുത്തല്ലിവ പൂട്ടാൻ വരും" മുതലായ പദ്യങ്ങളുടെ കർത്തൃത്വത്തെ സംബന്ധിച്ചുള്ള ഐതിഹ്യങ്ങളെല്ലാം, ഇക്കാലത്തു് ആർ വിശ്വസിക്കുന്നു? ഉദ്ദണ്ഡശാസ്ത്രികൾക്കും കാക്കശ്ശേരിഭട്ടതിരിക്കും തമ്മിൽ നടന്നതായി കേരളീയരെല്ലാം ഘോഷിക്കുന്ന „ആരാകാരോ ഭവാൻ; നാരീ നാഗ്യാകാരോ ഭിക്ഷു (?)" ഇത്യാദി സംഭാഷണം ചോളദേശ

ത്തിൽ വേദാന്തദേശികരും ഒരു അദ്വൈതികളും നടന്നതായ ത്രേ ഐതിഹ്യം. വേദാന്തദേശികർ ഉദ്ദണ്ഡനെ അപേക്ഷിച്ചു പ്രാക്തനനായിരുന്നു എന്നു പറയേണ്ടതില്ലല്ലോ.

മേൽ വിവരിച്ച ന്യായങ്ങളാൽ ഉണ്ണായിവാരിയർ കുഞ്ചൻ നമ്പിയാരുടെ സമകാലികനായിരുന്നു എന്നുള്ള വിശ്വാസത്തിനു സാരമായ ഉടവു തട്ടുന്നുണ്ട്. ഇനി കൊല്ലം പത്താംശതകത്തിന്റെ മദ്ധ്യകാലത്തല്ല അദ്ദേഹം ജീവിച്ചിരുന്നതെങ്കിൽ പിന്നെ ഏതുകാലത്തായിരുന്നു എന്നു നോക്കാം. രാമപഞ്ചശതീ സ്തോത്രം ൪൯-ാം ദശകത്തിൽനിന്നു ഞാൻ ഉപരി ഉദ്ധരിച്ച ഒരു പദ്യത്തിൽ "അനാകലനകാല പരിണാമേൽ പ്രസരൈത്യ" എന്നൊരു ഭാഗം കാണുന്നുണ്ടല്ലോ. അതിൽ "പരിണാമേൽ പ്രസരൈത്യ" എന്നുള്ളത് അനാകലനകാലമായ കലിദിനത്തെ കാണിക്കുന്നു എന്നത്രേ ചില പണ്ഡിതന്മാരുടെ പക്ഷം. അങ്ങനെയാണെങ്കിൽ കൊല്ലം ൯൪൨ ഇടവമാസം ൨൭-ാംനു വെള്ളിയാഴ്ച നാൾ ആ ശ്ലോകം നിർമ്മിച്ചതായി വരുന്നു. എന്നാൽ ആ ഭാഗം കലിസംഖ്യയെ സൂചിപ്പിക്കുന്നതായി രാമൻനമ്പിടി അദ്ദേഹത്തിന്റെ വ്യാഖ്യാനത്തിൽ പറഞ്ഞുകാണുന്നില്ല.

രാമനാട്ടത്തിന്റെ ഉദയം കൃഷ്ണനാട്ടത്തിന്റെ ആവിർഭാവത്തിനു മേലായിരുന്നു എന്നുള്ളതു നിസ്തർക്കമാണല്ലോ. കൃഷ്ണനാട്ടത്തിന്റെയും പൂർവ്വഭാരതചമ്പുവിന്റെയും കർത്താവായ മഹാകവി കോഴിക്കോട്ടു മാനവേദൻ രാജാവ് ആ രണ്ടു ഗ്രന്ഥങ്ങളും നിർമ്മിച്ച കാലം അവയിൽത്തന്നെ കലിസംഖ്യകളാൽ കുറിച്ചിട്ടുണ്ട്. "പാപാപാദല്ലലഭസോഽയം കലിഃ" എന്നു പൂർവ്വഭാരതചമ്പുവിൽ കാണുന്നതിൽ നിന്ന് ആ ഗ്രന്ഥം കൊല്ലം ൮൨൮-ലും "ഗ്രാഹ്യാ സ്തുതിർഗോപകൈഃ" എന്നു കൃഷ്ണനാട്ടത്തിൽ കാണുന്നതിൽ നിന്ന് ആ ഗ്രന്ഥം കൊല്ലം ൮൨൯-ാമാണ്ടു ധനുമാസം ൨൦-ാംനു- ഞായറാഴ്ച ദിവസത്തിലും ആണ് അവസാനിച്ചതെന്ന് ഊഹിക്കാം. കവി തന്റെ ഗുരുവായ ആനായത്തു കൃഷ്ണപ്പിഷാരടിയെ രണ്ടു ഗ്രന്ഥങ്ങളിലും സ്തുതിച്ചിട്ടുമുണ്ട്.

അഘവിഹതികരാണാം കൃഷ്ണനാമ്നാം ഗുരൂണാ-
മനവരതമഹാംഹഃ പ്രാവൃഷേണ്യാംബുവാഹഃ
പ്രവിസരദനുകമ്പാവാരിസംഭാരസാന്ദ്രോ
മമ ഹൃദയമയൂരം നർത്തയേജ്ജാതമോദം.

(പൂർവ്വഭാരതചമ്പു.

പ്രേമ്ണാഢ്യം ലാള്യമാനഃ സദയമിഹ സദാ-
നന്ദനന്ദേന പിത്രാ
രാഗേണ ജ്യായസാ വാ വിവശമതി യശോ-
ദാഖ്യയാ വാ ജനന്യാ
ആഭീവ്യൂത്തിവ്യഗവ്യാ വിബുധപരിവൃഢോ
ശ്രീദ്ധാതാഘമോക്ഷം
പുഷ്ണൻ കൃഷ്ണോ ഗുരുർമ്മേ പരമതമപദോ-
ദ്ഭാസകോ ബോധവീത.

(കൃഷ്ണനാട്ടം)

എല്ലാംകൊണ്ടും

“സ്വായത്ഭക്തിഭരേണ നന്ദനന്ദന...
ശ്രീമാനവേദാഭിധഃ
ക്ഷോണീന്ദ്രേണ കൃതാ നിരാകൃതകലിർ-
ഗ്രാഹ്യാ സ്തുതിർഗ്ഗാഥകൈഃ.”

ഇത്യാദി പദ്യം കലിസൂചകമാണെന്നുള്ളതിനെപ്പററി ആരും സംശയിക്കേണമെന്നില്ല. കൊട്ടാരക്കരത്തമ്പുരാൻ മാനവേദരാജാവിന്റെ സമകാലികനും രോഹിണീനക്ഷത്രത്തിൽ തിരുവവതാരമാന്ന തിരുവിതാംകൂർ ഉണ്ണിക്കേരളവൎമ്മ മഹാരാജാവിന്റെ സപ്രീയനും ആയിരുന്നു. അദ്ദേഹം രാമനാട്ടം ഏർപ്പെടുത്തിയതും രാമായണവിഷയകമായി എട്ട് ആട്ടക്കഥ നിർമ്മിച്ചതും ഉണ്ണിക്കേരളവൎമ്മ മഹാരാജാവു നാടുനീങ്ങിയ കൊല്ലം വൃന്ദന്യ-നു മുൻപായിരിക്കണം. അങ്ങനെയാണെങ്കിൽ നളചരിതം നാലുദിവസത്തെ കഥകളി ആ പ്രസ്ഥാനത്തെ അനുകരിച്ച് ഉണ്ണായിവാരിയർ വൃര ൦-നു മുൻപു നിർമ്മിച്ചു എന്നു വരാൻ പാടില്ലായ്കയില്ല. കൊച്ചിരാജ്യത്തിലെ ഒരു പ്രഭുവിനെ ആശ്രയിച്ചുപാൎത്തിരുന്ന ഒരു മഹാകവി കൊച്ചിയുടെ ജന്മശത്രുവായ സാമൂതിരിമഹാരാജകുടുംബത്തിലെ ഒരംഗത്തോടുള്ള സാഹിത്യമത്സരത്തിൽ ഭാഗഭാക്കാകുന്നത് അസംഭവവുമല്ല. നളചരിതത്തിലെയും ഗിരിജാകല്യാണത്തിലെയും പല ഭാഗങ്ങളിലെ ഭാഷാരീതി പരിശോധിക്കുന്ന പക്ഷം ആ ഗ്രന്ഥങ്ങൾ കൊല്ലം പത്താം ശതവർഷത്തിന്റെ ഉത്തരാൎദ്ധത്തെക്കാൾ ഒൻപതാം ശതവർഷത്തിന്റെ പൂർവ്വാൎദ്ധത്തിലോ ഉത്തരാൎദ്ധത്തിലോ നിർമ്മിക്കപ്പെട്ടു എന്നു വരാനാണ് ന്യായം അധികമുള്ളത്. ‘പരിണാമേൽ പ്രസക്ത്യൈ’ എന്ന

വാക്യം 'അനാകലനകാലേ' എന്ന പാദത്തെ പിൻതുടൎന്നു വരുന്നതിനാൽ അതു കലിസംഖ്യാസൂചകമല്ലെന്നു ശഠിച്ചു പറവാൻ നിവൃത്തിയുമില്ല. അതു കലിസംഖ്യതന്നെയാണെങ്കിൽ രാമപഞ്ചശതീസ്തോത്രം വാരിയരുടെ യൌവനത്തിലേയും നളചരിതം വാൎദ്ധക്യത്തിലേയും കവിതയാണെന്നു് ഇതിൽ കൂടുതൽ തെളിവുകൾ നമുക്കു കിട്ടുന്നതുവരെ വിശ്വസിക്കുന്നതിൽ അനൌചിത്യമില്ല.

ഈ മഹാകവിയുടെ കവിതാരീതിയെപ്പററി പരേതനായ പ്രൊഫസർ എ. ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ തന്റെ നളചരിതത്തിന്റെ പ്രൌഢവ്യാഖ്യയായ കാന്താരതാരകത്തിന്റെ അവതാരികയിൽ രേഖപ്പെടുത്തിട്ടുള്ളതിൽനിന്നു് അധികമായി ഒന്നും ഈ അവസരത്തിൽ പ്രസ്താവിക്കണമെന്നു ഞാനുദ്ദേശിക്കുന്നില്ല. ഉണ്ണായിവാരിയരുടെ ഗ്രന്ഥാന്തത്തിൽ,

ഗ്രന്ഥഗ്രന്ഥിരിഹ ക്വചിൽ ക്വചിദപി
ന്യാസി പ്രയത്നാന്മയാ
പ്രാജ്ഞമ്മന്യമനാ ഹഠേന പഠിതീ
മാസ്മിൻ ഖലഃ ഖേലതു
ശ്രദ്ധാരാദ്ധഗുരുശ്ലഥീകൃതദൃഢ
ഗ്രന്ഥിസ്സമാസാദയ
ത്വേതൽകാവ്യരസോൎമ്മിമജ്ജനസുഖ
വ്യാസജ്ജനം സജ്ജനഃ.

എന്നു തന്റെ ഉദ്ദേശത്തെ വിളിച്ചുപറയാമായിരുന്നു എന്നു പ്രൊഫെസർ തമ്പുരാൻ ആ അവതാരികയിൽ സൂചിപ്പിച്ചിട്ടുണ്ടു്. അതുതന്നെ ഗിരിജാകല്യാണത്തിന്റെ അവസാനത്തിൽ കവി മുക്തകണ്ഠം ഘോഷിച്ചിരിക്കുന്നു എന്നുള്ളതു സ്മരണീയമാണു്.

"കഠിനതയുമിടയിടയിൽ വരുവതുമിരുമ്പിനാൽ
കൂട്ടുൾ മരംകൊണ്ടു ഭള്ളിക്കിലേവനും.
അരുതരുതു ഭവജലധിനടുവിലടിയും കപ്പ-
ലിതുസഹിപ്പീടിനാലത്ഭുതം ബഹൂ.
മറുകരയിലണവതിനരികിൽ മതിയായ്‌വരും
നരലോകരേ! ഘോരസംസാരസാഗരേ."

എന്ന ഭാഗം നോക്കുക.

ഗിരിജാകല്യാണം ദ്വിതീയഖണ്ഡത്തിൽ പാൎവ്വതീദേവിയുടെ സൌന്ദൎയ്യവൎണ്ണനാഘട്ടത്തിലും മററും കാണുന്ന കാഠിന്യത്തിനു കണക്കില്ല. ഗ്രന്ഥിജടിലമായ ഈ ഗ്രന്ഥത്തിനു വിസ്തരിച്ചു കാന്താരതാരകംപോലെ ഒരു വ്യാഖ്യാനമുണ്ടായാൽ മാത്രമേ സാമാന്യന്മാരായ വായനക്കാൎക്കു പൂൎണ്ണമായി അൎത്ഥബോധം സിദ്ധിക്കയുള്ളു. അതു ഞങ്ങളുടെ ഉദ്യോഗകൃത്യപരിധിയിൽപ്പെടുന്നതല്ലാത്തതിനാൽ അതിന്നായി ഈ സന്ദൎഭത്തിൽ ഒരുങ്ങുന്നില്ല.

ഉണ്ണായിവാരിയരെക്കാൾ മനോധൎമ്മവാനായ ഒരു കവി കേരളത്തിൽ ഒരുകാലത്തും ജനിച്ചിട്ടില്ലെന്നു നളചരിതംപോലെ തന്നെ ഗിരിജാകല്യാണവും തുറന്നു പറയുന്നുണ്ട്.

"ജയ ജനനി! ജഗദവനഘനാമൃതരണേ!
ജയ ഗജമുഖസ്കന്ദജനനി! പ്രിയകരി!
ജയ ജനനി! ശിവകാമിനി! ജയ ഭഗവതി! ശിവേ!
ജഗദുദയപാലനസംഹാരകാരണേ!
തവ ചരണപങ്കജമിതി മുനിനിവഹർ
ശരണമായ്‌വരുമെന്നുറച്ചു ചൊല്ലി!
ജനനി! തവ മഹിമകളിനിയെന്തെങ്ങനെ
ഭവതി! ഭക്തജനഭയഹരണി! ഭഗവതി;
ശരണമിഹ തവ ചരണയുഗളമിഹ മറ്റൊന്നും
ശരണമല്ലാതില്ലീശ്വരി!"

ഇത്യാദി ഭാഗങ്ങളിൽ കാണുന്ന ഭക്തിപ്രധാനങ്ങളായ സൌന്ദൎയ്യം പരമാനന്ദപ്രദമായിരിക്കുന്നു. ശ്രീപരമേശ്വരൻ കാമദേവനെ ദഹിപ്പിക്കുവാൻ തൃക്കണ്ണു തുറക്കുന്ന

"ഉഗ്രനായക്ഷനായ്‌ മോദിതനായിങ്ങനെ—
ന്നൊരോ നിശ്ചിതമെന്നതിനാൽ ചിന്തിച്ചു
തൃക്കണ്ണിടച്ചുഞ്ഞറച്ചാൽ വിനാഴിക
നിശ്ശബ്ദഗംഭീരമാം ദിവ്യരശ്മികൾ
നിഴന്ന മാരനെക്കണ്ടു സമീപത്തു—
ദിക്കുന്ന കോപാഗ്നിതന്നെക്കൊണ്ടും
സൽകൃപാസ്വകൂടംകൊണ്ടു ബന്ധിച്ചു
തച്ചുമരച്ചു ഭാരാമനായ്‌ തീൎത്തിച്ചു

വരച്ചാളിപ്പാനായ്ത്തുനിഞ്ഞളവെത്രയും
സൂക്ഷ്മമായൊരു പരാണ പുറത്തു ഫാ-
ലേക്ഷണദ്വാരം കടന്നുപോരും വിധൌ
എൻമണിയെട്ടുക്കുറിട്ടതിലൊന്നൊള-
മമ്മിഴിവഹ്നികണവും തുണയായി.
വിസ്മയമെന്തു പറയാവു കാൽക്ഷണാൽ
ഭസ്മാവശേഷനായ്ത്തീൎന്നു മനോഭവൻ"

എന്നഭാഗം "ഭസ്മാവശേഷം മദനം ചകാര" എന്ന പാദത്തിൽ അവസാനിക്കുന്ന കുമാരസംഭവത്തിലെ കാളിദാസവൎണ്ണനത്തെപ്പോലും ജയിക്കുന്നു എന്നുള്ളതിനു സംശയമില്ല. "പോരുമേതു ഗിരോ വാരമേ മാധവ" മുതലായ ദിക്കുകളിൽ കവി പ്രദൎശിപ്പിച്ചിരിക്കുന്ന നിരങ്കുശത്വത്തെ നമസ്കരിക്കുകതന്നെ വേണം. ഈ നിരങ്കുശത്വം ഇതുപോലെ തന്നെയോ ഇതിലുമധികമായോ രാമപഞ്ചശതീസ്തോത്രത്തിലും കാണാം. കേരളീയരായ സംസ്കൃതകവികളിൽ ഇതു നിരങ്കുശനായ മഹാകവി ഇലത്തൂർ രാമശാസ്ത്രികൾ ഒരാൾ മാത്രമേ എന്റെ സ്മൃതിപഥത്തെ പ്രവേശിക്കുന്നുള്ളു. "വിദ്വാരിയുണ്ടെന്നാകിൽ പടിച്ചു പാടികൊള്ളുവാൻ" എന്നു കവി പറയുന്നതിൽനിന്നു ഗിരിജാകല്യാണം സാമാന്യസ്ത്രീകളുടെ ആവശ്യത്തെ പുരസ്കരിച്ചു നിൎമ്മിച്ചതല്ലെന്നു വെളിവാകുന്നു.

"കനകമതിന്റെവും സുധ കണ്ടുകല്പ്പമനിരയും
അനൎഗ്ഗളം ശ്ലോകവുമനുപ്രാസമുഖമാദി
ഉണ്ടാകും കലഹം രമ്യം ജനിക്കും നൽസാരസ്വതം
നിനക്കും നിൻമയിതകളും നിനയ്ക്കുന്നവൎക്കും പിന്നെ".

എന്നു നളചരിതത്തിൽ സരസ്വതീദേവി നളചക്രവൎത്തിക്കു കൊടുക്കുന്ന വരം വാരിയരുടെ ഒരു പ്രബന്ധകടാക്ഷമെന്നത്രേ ഞാൻ കരുതുന്നത് ആ മാതിരിയിലുള്ള ഒരു വരപ്രദാനത്തിനു ഗിരിജാകല്യാണസരസ്വതിയും സന്നദ്ധയായിത്തന്നെ നിലകൊള്ളുന്നു.

എസ്. പരമേശ്വരയ്യർ.

തിരുവനന്തപുരം,
൧൦൮൮-൧൧-൨൦

ഗിരിജാകല്യാണം

പ്രഥമഖണ്ഡം.

കനകനിറംപൂണ്ട ഘനകാരുണ്യമൂർത്തേ!
മനകാമ്പിങ്കൽ വാണീടണമഖു! കരിമുഖ!
ഗണനാസരണിയിൽ മണിയാം ഗുണഗണ!
ഗണനായക! പോററി! തുണയായിരിക്കണം നീ.
ഫണിതിമദാമവേ! നീ പിണിതീർത്തരുളുവാൻ
മണിദീപികപോലെൻ മനസി വിളങ്ങുക.
പരിശ്രുതികളെന്നും വരുമൊ നമുക്കില്ലേ
ഗുരുശ്രുതന്മാർ തുണ മരുശ്രുതിയിങ്കലും?
ഗുരുഭാരതീഗുണപരിപാകങ്ങളോർത്താൽ
സുരപാദപം തൃണം; സുരഭി പശുവിതാം
സുരമാമുനിനവഗൃഹകാരുണ്യമിപ്പോ-
ളൊരുമകന്നിങ്ങു പൊരുമാറണമെങ്കൽ.
ശരണം പ്രാപിക്കുന്നേൻ ധരണീസുരന്മാരെ-
ക്കരുണാനിധികളാം കവികളെ പലരെയും.
ആധിമാററുവാനെന്നു മേദിനിതലേ മരു-
ന്നാദിമകവിവരനാദിമ[illegible]യുള്ളൂ.
ആ രസമറിഞ്ഞല്ലോ ഭാരതം വ്യാസൻ ചൊല്ലി;
ദൂരതൊ ഗിരാമതിൻ ചാരുത വിചാരിച്ചാൽ
ആളുകളിവരെന്നു മൂളുവിനനുവാദം
കാളിദാസാദികളേ! കേളികേൾപ്പാനാം പാരിൽ.
സൽപുരാണാദികേട്ടു മുപ്പുരാരാതികഥ
തെല്പുകൂടാതെ നിത്യമുൾപ്പൂവിലുറപ്പിച്ചാൽ
ഉൾപ്പരിതാപം നീങ്ങു;മുല്പദങ്ങൾവരും;
സൽപുരുഷാർത്ഥാദമപ്പുറം ദൂരമല്ല.
ഹര ശങ്കരത്യാദി തിരുനാമങ്ങൾ കേട്ടാ-
ലുരിയാടാതെ തുഷ്ണീമിരിയ്ക്കുന്നാരും ചൊല്ലാ

G. P. T. 4472. 1000. 26-2-1100. B

പെരിയ സൂരികൾക്കുമരിശമുണ്ടായ്‌വരാ;
പരമാർത്ഥിയാമെന്നിൽപ്പരിതോഷമേ വരൂ.
പരിചോടേവം ചിന്തിച്ചുരിയ ഭാഷയായി-
ഗ്ഗിരിജാകല്യാണം ഞാനാരചെയ്യുന്നേനെന്നാൽ.

എങ്കിലോ കേൾക്ക പണ്ടു ശങ്കരൻതിരുവടി-
യങ്കിലോചനനരൻ പുംഗവകേതു പുരാൻ
അംഗനാനാശംകൊണ്ടു തിങ്ങിന വിഷാദത്താൽ
മങ്ങിന മനസ്സിങ്കൽപ്പൊങ്ങിന വിരക്തിയാൽ
തുംഗമാം ഹിമാദ്രിമേലങ്ങൊരു ഭാഗത്തിങ്കൽ
*തങ്കലേ തന്നെ കണ്ടു തിങ്കൾമൗലിയും വാണു.
നന്ദികേശാദിഭൃംഗിപുംഗവാദികൾ ഭൂത-
വൃന്ദവും തപസ്സിന്നു തന്നെയങ്ങൊരുമ്പെട്ടാർ.
തന്നുടെ തത്വംകണ്ടന്യചിന്തയും വിട്ടു
സന്തതമിരുന്നിതങ്ങന്തകാന്തകൻ ചിരം.
കപർദ്ദിതന്നെക്കാൺമാൻ തരത്തിലവസരം
തപസ്വിജനങ്ങൾക്കും പ്രയത്നം ചെയ്കേ വരൂ.
കനത്ത സന്ദേഹങ്ങൾ സമസ്തശാസ്ത്രത്തിലു-
മുണ്ണെത്തുമവർക്കു മററനതിന്†ന്തിക്കൂടാ.
ട്ടനേകം നാളേവം നഷ്ടദൈവികചിന്ത-
മഷ്ടമൂർത്തിതാൻ തപോനിഷ്ഠനായ് മരുവുന്നാൾ
വിഷ്ടപവാസികൾക്കു പെട്ടപാടെന്തു ചൊല്‌വൂ;
കഷ്ടമായ്‌ലോകതന്ത്രം; ഭ്രഷ്ടമായ് കാമതന്ത്രം;
ആൾക്കുമേ കാമരസമൊക്കിലുമില്ലാതെയായ്
വാർകുഴലിമാരെല്ലാം ദീക്ഷമാധിയാൽ മേവി.
ദേവനാവമധുസേവനരതിയില്ലാ
ഞ്ഞവന്മാം നാവിൽ മഹാദേവനാമമെയുള്ളൂ.
ദേവകാം മുനികളെന്നവമില്ലൊരു ഭേദം;
കേവലം മുനികളായവരുമെന്നേ വേണ്ടൂ.
ദേവനാരികളും 'ശിവഭാവനാപരമാരായ്
മേവിനാർ മന്ദാകിനീപാവനതീരങ്ങളിൽ.
നിഷ്ഫലങ്ങളാം ഫലപുഷ്പപല്ലവങ്ങളായ്-

* 'ആത്മാനമാത്മന്യവലോകയന്തം' കുമാരസംഭവം. † 'എന്തിൽക്കൂടാ' (പാഠാന്തരം)

കല്പവൃക്ഷങ്ങൾ വളരെയെപ്പോഴും വശംകെട്ടു.
കേവലം കാമനനും കൈവെടിഞ്ഞില്ലവില്ലും
ദേവപൂജയ്ക്കുകൊള്ളാം പൂവിതെന്നോർക്കയാൽ.
ഈവണ്ണമുള്ള [illegible] മൂവുലകിലും കണ്ടു
ജീവന്മുക്തനരുൾചെയ്തു ദേവരാജനോടേവം:
"ഇന്ദ്ര! നീയെന്തീവണ്ണം മന്ദനായ്ത്തീർന്നതഹോ;
വന്നിതു വിപര്യാസം മന്നിടം മൂന്നിലും.
ഐഹികമാകും വേണ്ടാ ദേഹികൾക്കെന്നാലുണ്ടോ
ലോകസ്ഥൈര്യം നിലപ്പൂ പാകശാസന! പാർക്ക.
വൈദികമതിനിയെത്തും ലോകനാശം സത്യലോകേ
വൈകൃതം ലോകേ വന്നതാകെ നാമുണർത്തണം.
നൈഷ്ഠികനായ സുരജ്യേഷ്ഠനോടിന്നു ചെന്നു
പാട്ടിൽ നാമുണർത്താഞ്ഞാൽ കാട്ടിയതെല്ലാം കഷ്ടം
ശീഘ്രതമൊഴികേട്ടു വാസവനോടേ മഹേന്ദ്രനാം
തീർത്ഥപാദകം ചൊല്ലും ദിവ്യമാമകൾ ധരിച്ചു
ശുശ്രൂഷിനാൻ മുഖംപാദം; നോക്കിനാൻ സുരന്മാരെ;
തീർത്ഥതിനായ് [illegible] കൊണ്ടുപോകേ [illegible]
സത്യലോകവും പൂകി [illegible]
[illegible]
ഇന്ദ്രാദികളേ! നിങ്ങൾക്കിന്നേതോ സന്ദേഹമല്ലീ
യെന്നുകേട്ടുണർത്തിച്ചാനിന്ദ്രനാം ബ്രഹ്മനോടേ:
സൌന്ദര്യം [illegible] തന്നേ; കിം പറയുണർത്തിപ്പൂ?
തന്നുരാൻ നീതാനേകനമ്പരാം ഞങ്ങൾക്കെല്ലാം.
ഷൾമുഖനുണർത്തിപ്പൂ പത്മജ! ലോകനാഥ?
അല്പമല്ലോതാൻ പിഴപ്പിനുള്ളു കേൾക്ക.
മാലിയന്നങ്ങൾചെന്നു ശൂലിതൻപാദം പൂകാൻ
പാലകനല്ലോ മുനി ബാലകനതിവൃദ്ധൻ;
നീലകന്ധരൻ പരൻ കാലകാലനങ്ങപ്പോൾ
നാളനേകംനാളായി പാളയം [illegible] പൂകാൻ.
ആരെയും വേണ്ടാ തനിക്കാരോടും കോപമില്ല;
ധീരമൈത്രയും ചിത്തം നിരസം ലോകതന്ത്രം.
കാരുണികതാം മുനിമാരിലെ കാരണമല്ല;
താരണികൾ കാൺമാനായമാളല്ല ഞങ്ങൾ.

ശോകമിന്നാക്കുമില്ല ലോകവാസികൾക്കിനി-
യ്യോകമേകദാ വന്നാൽ നാകനാഥന്ന ദോഷം.
ആകുലം മറെറാന്നില്ലാ; ലോകമിങ്ങനെ നില്ലാ;
നീ കനിഞ്ഞരുളണം ലോകരക്ഷോപായത്തെ."

ആവലാതികളേവമാവതങ്ങളോതിന
ദേവരാജനെക്കരുണാവലോകനം കൊണ്ടു
പാവനംചെയ്തു ബ്രഹ്മദേവനൊന്നരുൾചെയ്തു:
"ജീവശിഷ്യരേ! നിങ്ങൾ ജീവത ചിര"മെന്നു.
ഖിന്നത തീർത്തു സുഖമുന്നതം വരുമാറ-
ക്കണ്ണുകളെട്ടുംകൊണ്ടു വിണ്ണവരെയും നോക്കി
കണ്ണടച്ചൊന്നങ്ങോർത്തു പിന്നെയുമൊന്നരുൾചെയ്തു.
"വന്നതുനന്നായ് നിങ്ങളൊന്നറിയേണമിതിൽ.
ചൊന്നതു മറെറാന്നല്ല: ഖിന്നതയുണ്ടാകേണ്ടാ;
നന്നായ നിമിത്തങ്ങളെന്നിയേ കാണ്മാനില്ല;
ചന്ദ്രശേഖരപ്രിയാ സുന്ദരി സതീദേവി-
തന്നുടെ പിതാ മമ നന്ദനനായ ദക്ഷൻ
ഉന്നതശിവദ്വേഷി യെന്നതു ചെയ്തു കർമ്മം
നിന്ദിതമതിൻഫലമിന്നവനൊട്ടൊട്ടല്ല.
നാഥനാമവനിന്നെന്നുമേ നിന്ദചെയ്ത
പാപനാമവനാൽ പ്രജാപാലനമിനിയവ-
രാധ്യവാനായ നീചനെന്തിനാൾ വരും സുഖം?
താതനോടാക്കൊല്ലാ ശാസനമെന്നുകണ്ടു
കാതരാക്ഷിയാം സതി ചെയ്തതിനില്ല കുററം;
പാതകിയാം പിതൃപാപങ്ങളേ ചേന്നു.
നാരദഗിരാ ശൂലധാരിയക്കഥകേട്ടു
വീരഭദ്രനെ വിട്ടു; നാശമെന്തു ചൊല്വൂ;
ധാരണ നിങ്ങൾക്കില്ലേ ദാരുണഭൂതവൃന്ദ-
ഘോരത മുഴുക്കും കണ്ടും ഭീരുതയുണ്ടായതും.?
ഓടിവന്നെല്ലാരുമെന്നോടതുപറഞ്ഞതും
പീഡയാ നിങ്ങളോടുകൂടേ ഞാൻ പുറപ്പെട്ടു
തേടിച്ചെന്നിടിച്ചീശനോടോപം *വാടിച്ചതു-
മാടിൻെറ താടി ദ്രുതമോടവർ മേടിച്ചതും;
മിത്രനേത്രത്താൽ ഭഗനിത്രനാൾ കാണുന്നതും;

* 'പറിച്ചതും' (പാഠാന്തരം.)

വിശ്രവവും പൊത്തിപ്പൂഷാ സത്രപം മേവുന്നതും;
ഒട്ടൊഴിയാതെ പാർത്താൽ കഷ്ടമക്കർമ്മദോഷം,
നഷ്ടമായ്ത്തന്നില്ലതിൻശിഷ്ടമിന്നനുഭവം.
മാരിതനായ ദക്ഷൻ ജീവിതനായി; പിന്നെ-
പ്പൂരിതമായി യാഗം നേരിനു തക്കവണ്ണം.
ദാരിതം പാപദാരുവേരിതെന്നോരാതെപോയ്;
ഗൌരിതൻവിരഹത്താൽപ്പാരിടമനാഥമായ്.
ഭൈരവനാപായം ഞാനാദിതേയരേ! നിങ്ങൾ
ചെയ്തുകൊള്ളേണം ലോകമാതാവിൻ പാദാർച്ചനം.
മാധവസഹോദരി മാതാവായത്ര മമ
ഭൂതനാഥപ്രിയ പ്രീതയായ് വരുമെന്നാൽ.
സാദരമുടൻ ദേവി ഭൂധരസുതയായി-
ച്ചെയ്തീടുമവതാരമാധിപോമന്നു പാരിൽ.
നാഥനോടവൾചേർന്നാലേതുമില്ലാർക്കും ഭയം;
ഭൂതനാഥനോടവൾ പാതിമെയ് വാങ്ങിക്കൊള്ളും.
പൂതബാണനിൽ പ്രീതചേതനനായിപ്പുര-
മാദരിച്ചീടും ശിവചാതുരീവിധികളെ.
പിച്ചകബാണനിന്നു പാരെപ്പാരാധികൾ വീരു-
മൃജചാപരസഭരോമൃജചാപമെന്നും വരും.
ഏകജാപം നീക്കി നിങ്ങൾ നിർജ്ജരന്മാരേ! നിത്യ-
മർച്ചനം ചെയ്തീടുവിൻ വിശ്വമാതാവിൻ പദം.
വിദ്യയല്ലയോ ദേവീനൽച്ചരിതങ്ങളോതുമ്പോൾ
പദ്യയാമുണങ്ങിയ.ഉച്ചമാം കഴിഞ്ഞതും;
കച്ഛമും മധുരമാം;ഉച്ചമാം നിശീഥവും;
തച്ചരിതന്നു മൂഗം നിശ്ചയം സഹായമാം;
കച്ചരം പടച്ചരം പച്ചമെറച്ചുടൻ
ഉച്ചരം ചൊരി ചുണങ്ങെച്ചരംശിത്യാദിയാൽ;
പിച്ചയേറുന്നവൻനർച്ചനാമെല്ലാരാലും;
വിശ്വാപിപ്പവർക്കെ നിശ്ചയം കല്പവല്ലി.”
ചതുരാനനൻചൊന്ന മധുരാലാപമേവ
മസുരവിരോധിനാം വിധുരഭാവംപോക്കി.
അമരാവതീപതി കമലാസനനോടു
വിമലമുപദേശം സകലം വീണ്ടുംപോന്നു.

അമൃതാശനപതി സുമതി ശചീപതി
ക്രമഭേദരഭക്ത്യാ സമുപാസിച്ചു ദേവീം.
സമയാ മന്ദാകിനീമമലേ മണിഗൃഹേ
മതിമാൻ ചിന്താമണിപ്രതിമാം പ്രതിഷ്ഠിച്ചു,
സുരഭിയുടെപാൽകൊണ്ടഭിഷേചനം ചെയ്തു;
സുരഭിദ്രുപദീപാദ്യുപഹാരങ്ങളും നല്കി;
വലവൈരിക്ക ചെയ്തു പലതും പരികർമ്മം;
കുലിശായുധൻ സുധാകലശം നിവേദിച്ചു.
സുരവീരന്മാർ നാലുപുറവും തൊഴുതിങ്ങ-
ന്നിരവൂപകൾചെയ്തു നിരവേ പുഷ്പാഞ്ജലിം.
ഭജിക്ക സുഖമെന്നു ഭാവിക്കായവർമനം;
വശമാകുമ്പോൾ വാനിൽ വസിക്കും മരങ്ങൾക്കും
അശക്യമായവരം ത്യജിക്കായ്‌വന്നു പാർത്തി-
ലമർത്ത്യനാരികൾക്കും പ്രവൃത്തിയതൊന്നായി.
അടിച്ചുതളി ചിലർ; പടിച്ചു പാടി ഗീതം;
നടിച്ചു നാട്യം ചിലർ; മടിച്ചീലാരുമൊന്നും;
നിശാഗന്ധദ്രവ്യമാഹാരസ്തുവാദിതന്മാരെന്ന-
മദ്ദളവാദ്യങ്ങളോടും പുഷ്പതളിരിലും മയങ്ങ.
ശൃംഗാരം കോമളം വിസ്തരമെന്നുവേണ്ട;
വ്യത്യസ്തമായിക്ക നിത്യമുള്ളം മറ്റൊന്നില്ല.
ഭക്തിവന്നുതളിച്ചതിൽ ഭവതിയും വന്നു; നന്നാ-
യുറങ്ങാതെ വാഴ്ത്തി നിത്യവും നതിചെയ്തു.
വരദേ! നിരുപമചരിതേ! മഹേശ്വരി!
ചൊരിയപ്പൊങ്ങുന്ന കാരുണ്യമയേ!
പരമശിവപ്രിയേ! ഹര മേ ദുരിതം നീ
ചിരമെങ്ങളെപ്പാലിച്ചുകൊള്ളു കാമപ്രദേ!
പരിചെയ്യുന്നതിന്നാഴിച്ചെല്ലരേ! തായേ! ജഗ-
ത്ത്രയോദയസ്ഥിതിക്ഷയകാരിണി! മായേ!
മധുകൈടഭാസുരമഥനപ്രചോദിതേ!
മദനവധൂമധുമദവൈഭവപ്രദേ!
മഹിഷനിഷ്പേഷണേ! നിഹതധൂമ്രേക്ഷണേ!
മഹിഷാസനപുരപ്രഹിതചണ്ഡമുണ്ഡ!
രുധിരപാനവ്യഗ്രബലിതാനലജ്വാലേ!

നഖരായുധാനനേ! മുസലശരാസനേ!
അതുലമഹാസുരവക്ഷഃകപാടനേകധാ
വിദരീകൃതാകൃതേ! ബധിരീകൃതദ്രുതേ!
നിലിമ്പവിരോധിനാം ബലം ബാധിച്ചും യുധി
വിളംബോദരാരതേ! നിതംബാലസഗതേ!
കദംബനിപാതിതനിശുംഭാസുരവരേ!
ന സംഭാവിതാ പുരാ നാഗംബോധനാ പുരാ.
സംഭൃതാടോപം യുധി സ്തംഭിതജഗത്ത്രയം
ശുംഭദാനവം ഹതംചെയ്ത സുഖമോടംബ!
കിന്നരവരാദിനുതേ! നന്ദിതിനുതുഷ്ടി!
ശ്രീംബികേ! ശരണ്യേ! നി നാമമെന്നും ജപിപ്പാൻ?
ചിന്മയീ! ശിശുക്കളോടൊക്കെയീവണ്ണം കൊച്ചൂരാൾ
നന്മയല്ലെന്നാരാഞ്ഞാൽ ധൎമ്മസ്വരൂപയാം
പന്നഗവിഭൂഷണനായകനാരിൽ
നിന്നടൽകാണാഞ്ഞതിന്നിന്നാർ മറക്കുന്നു.
നിൎഗ്ഗുണസ്വരൂപേ! നീ തന്നെ മന്ത്രിമാരായാ—
ലിന്ദ്രാദ്യഖിലരെല്ലാരിവിടം കണ്ടതും.
വിശേഷമാദരമായിട്ടു വന്നു നിന്ന
നിൎജ്ജരർ ശിവശിവേ ധൃതി ചെയ്തീടുന്നു.
ഭുവലക്ഷ്മികൾവന്ന നിൻ ചരണത്തിലണഞ്ഞാൾ.
പോയാലും ഞെളിന്നേ ലോകനായികേ! ലോകസ്ഥിതി.
നാമഗതികളീശകാമിനി! ഞങ്ങൾക്കിനി
സ്വാമിനി! നിന്നെയ്ക്കാണാഞ്ഞതായമാറികം ഞങ്ങളം.
ഒരിടത്തൊതരം മുഴുപോയാൽ നില്ലാ;
മടിയില്ലെന്നാൽ മന്നി! അധൎമ്മവശിയൊക്കെ?
ഭുവനമശേഷവുമവിടും നീയില്ലെന്നാ-
ലൊന്നുമില്ലിതു സത്യം നാമനിരതാ തവ?
വഴികാണാതെ ഞങ്ങളുഴറ്റീട് കഴൽപൂകാൻ
പിഴകൾ മുന്നെചെയ്തതൊക്കെയൊക്കണം ദേവി!
ഒഴുകീടുന്ന കൃപ പൊഴിയും കടാക്ഷത്താൽ
കഴുകിത്തുടച്ചെങ്ങളെ വഴിയിൽ കൂട്ടീടുക.
സാധകജനം വിശ്വസിച്ചുനടപ്പിന്ന
സമുജ്ജ്വലനായൊരു ദ്യുതിമതേ! ജയജയ!

പുമർത്ഥചതുഷ്ടയനിമിത്തഭൂതേ! ജയ
സമസ്തശങ്കരി! ജയ നമസ്തേ നമോസ്തു തേ!
ഇത്തരം പുരുഹൂതനാ[illegible]കരിയോടേ
ശങ്കരിപൂജനസ്തുതിസക്തന്മാരായിരിക്കുമ്പോൾ
മദ്ദളമൃദംഗാദിശബ്ദമേളിതഗീത-
നൃത്തകോലാഹലങ്ങൾ നിറയുന്ന നേരത്തിങ്കൽ
മത്തകോകിലാലാപമന്ത്രസ്വരങ്ങളോടുമൊരു
നിസ്തുലമാമശരീരവാക്ക് സുസ്വരവർണ്ണപദ-
വ്യക്തതകൊണ്ടുമതിന്റെ[illegible]കൊണ്ടും മനോ-
മുഗ്ദ്ധവർണ്ണങ്ങളോരു തത്ര കേൾക്കായി വാക്യം
ഒരുമി[illegible] ഉണ്ടാവിത[illegible]കേതനമേ!
ചൊല്ലു [illegible]സ്വയം, ശതമഖ!
മഥിതമിളിസുത, [illegible]തേ!
മയി തേ ഭക്തി[illegible] പ്രസാദിച്ചേൻ.
ഉദിതസ്ത[illegible]വലിയം മനോഹരം;
തദിദം മകരാസനം തദിദം [illegible]വോചിതം;
ഹിമവത്സു[illegible]യായി ക്ഷ[illegible]യായി
[illegible]വർത്തിയ്ക്കൊണ്ടാൻ [illegible]
ഭ്രമവഞ്ചി[illegible]മനോഹരിതമായി
മന്മഥ സ്ഥിതി[illegible] [illegible]വർ.
അത്രയുമല്ല നി[illegible]സ്സുവരമിനി-
ക്കേറെയും പ്രിയം ഹൃദി; [illegible]ട്ടാൽ
വാസവ! വാസവ! [illegible] വാസവ നിന്നിൽപ്പാരം
[illegible] മമ.
അസുരിരയല്ലിന്ന [illegible]ക്കിൽ
[illegible]ബന്ധൻ.
വസ്തുതയെല്ലാം [illegible]; [illegible]ല്ലോ നീയു-
മസ്തു [illegible] വിസ്മൃതി[illegible]!
അതിതരസം വാക്യ[illegible]വ-
അമരാധിപൻതാനമരന്മാരും കേട്ടു.
"കിമഹോ കണ്ണുനീ[illegible] പരിചിതം?
സ[illegible]താനതൃപ്തി[illegible] ഭണിതമോ?
മുദിതാ നമ്മിൽ ദേവി; ഗദിതം തദ്യഥാവേദം;

കല്പിതം ധാതാവിനാൽ വിഫലമായീടുമോ?
ഇയതാം വന്ദ്യ സ്വപ്നം നിയതമെന്നാകിലും
ക്രിയ താൻ കാര്യമാളവും ക്രിയതാം ദേവിപൂജാ."
എന്നെല്ലാം നിനച്ചുറച്ചിന്ദ്രാദിസുരന്മാരു-
മുന്നതാനന്ദം പൂണ്ടു പിന്നെയും ചെയ്തു സേവ.
നാകലോകങ്ങളെല്ലാമാകവേ ദേവിക്കാക്കി-
പ്പാകശാസനൻ പാരിലേകശാസനം വാണു.
വിണ്ണവർനാരികളും തിണ്ണമാനന്ദം പൂണ്ടു
ചണ്ഡിക സന്തുഷ്ടിയൊടാണ്ടു മുതിർന്നുടൻ
കണ്ണടച്ചിരുന്നുള്ള മിത്രപുത്രന്റെ മുന്നിൽ
കന്യകാവേഷം പൂണ്ടു നിന്നാളങ്ങൊരുദിനം.
സുന്ദരകായകാന്തികലർന്ന ചന്ദ്രനേറ്റം
കണ്ണിണയുണർത്തുമാറെന്നുറച്ചുണ [illegible]
മന്നവൻ കല്ലത്തുള്ളം മന്ദമസ്സമാധിയിൽ
നിന്നിറങ്ങിച്ച ചിത്തം കണ്ണുകൾകൊണ്ടു സ്വയം
മുന്നിലേ വിനീതയായ് വന്ദിച്ച മന്ദാക്ഷിണി
കണ്ടൽനേരമിന്ദിരായ കന്യകയാണെന്നു
നിർണ്ണയമിയം പ്രിയാ സുന്ദരി ദാക്ഷായണി
നിന്നതെന്നു മനസ്സിലായ നേരമുള്ളിൽത്തോന്നി.
"വന്നതാരാണമ്മേ! നിന്നതെന്തെടോ! മുമ്പേ
നിന്നെ ഞാൻ കാണാത്തതന്റെ കണ്ണുകൾക്കെന്തു ഭേദം!"
എന്നതുകേട്ടു നിഷ്ഠ വന്നതും നീക്കി വന്ദി-
ച്ചൊന്നാണത്തിനാളിദേവി മന്ദഹാസവും തൂകി.
"ചന്ദ്രശേഖര! [illegible] നിൻപാദമാം
മന്ദിരമെനി ചെന്നാലൊന്നിതറിഞ്ഞീടുന്നിതു.
നിന്ദകൾ [illegible] നിന്നുടലെന്റെ പിതാവിനാ
വന്നുകപ്പെട്ടതെല്ലാമിന്നു ചാമൃതിമൂലം.
പന്നഗാഭരണ! കേളെന്നതുപറഞ്ഞിട്ടു?
മിന്നലെന്നായവൻ പിന്നെഴജീവിതനായി.
മംഗളാകൃതേ! ശിവ! ശങ്കര! കൃപാകര-
മെങ്കലുണ്ടെന്നോ വന്നു; സങ്കടം തീർന്നു പാരിൽ.
നിൻവശേ നിത്യ്യുണ്ടം ഞാനെന്നുവേധ ഗൌരെപ്പാരു-
മെന്നതു ബോധിക്കേണ്ടി വന്നില്ല; പോകമിനി.

എന്തൊരുകൂറേ, പുരനാശകാന്തക! നിന്നെ
സ്സന്തതം സേവിക്കാറുമെന്നതാംചെയ്യീടണം.
സ്വാതന്ത്ര്യമെനിക്കില്ലകൊണ്ടാൽ സ്നേഹത്തിനാൽ
ഭീതം താവകചിത്തം പൂതം തേ കൃപയാലേ.
ജാതം കേവലമെനിക്കാതങ്കമേതെങ്കിലും
പാദങ്ങൾ ശുശ്രൂഷിപ്പാൻ നീ തരികനുജ്ഞയെ.
തന്നീലെന്നാകിൽച്ചൊല്ലാം വന്നീടുമനർത്ഥവും
നന്ദിശപ്രിയ! നിനക്കെന്നാലുമില്ല ഖേദം.
എന്നെയും നിന്നെയും നീയൊക്കനാശം നിനച്ചീടും;
പിന്നെയാരുമില്ല ലോകേ; വന്നീടും പ്രളയവും.
ഒന്നൊഴിയാതെ ചൊന്നതെന്നാലെല്ലാമിപ്പോൾ;
നിന്നഭിമതം മമ സന്ദേഹമില്ല കേൾപ്പാൻ.”
ഇവ്വണ്ണം ദേവീഗിരം ദേവദേവേശൻ കേട്ടു
താത്പര്യമോടന്നേരം പ്രീതിപൂണ്ടരുൾചെയ്തു.
“ഭഗവതി! നമ്മെപ്പതിദേവതേ! ഹിമഗിരി,
ദേവതാമൂർത്തി, മേനാദേവിതൻ പ്രിയതമൻ.
ആഗ്രഹമൊന്നുണ്ടു കേൾക്ക നീ പുത്രിയാവാൻ
പാർത്തണമൊരോന്നും പ്രിയേ പാർക്കുമതിനിയെന്നാൽ.
ആകമോടവർക്കിന്നു യോഗ്യയാം കുമാരിയായ്
ശീഘ്രം നീ ജനിക്കണം മാർഗ്ഗമിന്നതു നല്ലൂ.
ഇക്കഥയിപ്പോളാരും കേൾക്കയും വേണ്ടാതാനും;
സാക്ഷാൽഞാൻ നിന്നെയ് കണ്ടാലോർക്കുമച്ചൊന്നതെല്ലാം.
എങ്കിലങ്ങനെയെന്നു തങ്ങളിൽ പറഞ്ഞൊത്തു
പുംഗവാസനൻ സർവ്വമംഗലാദേവിതാനും
ദുർജ്ജനാദികൾ പുനർദ്ദർശനമില്ലാതൊന്ന
ശർമ്മാവല്ല്യ താപകർശനം ലഭിച്ചവർ
പിരിഞ്ഞു വൃത്താന്തമതറിഞ്ഞീലാരുമതു
വിരിഞ്ചാദിവിചിത്രപ്രപഞ്ചസാക്ഷികളിൽ.
അക്കാലം ചിൽക്കാതലിൻ തൃക്കാൽത്താർവന്ദനംകൊണ്ടു
സൽക്കാരയോഗ്യൻ മഹാഭാഗ്യവാൻ ഹിമഗിരി
ആചന്ദ്രതാരം മേലിലാശയേ തനിക്കൊരു
ലേശവും ക്ലേശാങ്കുരമേശരുതെന്നു നിത്യം
ആശയുണ്ടാകുന്നതുമീശങ്കൽ സമർപ്പിച്ച്

പൂജിച്ചു ഭൂതേശനെ മേനയാ സാകം വാണു;
സ്ഥാവരരാജനിവൻ; ദേവതകളിലേകൻ;
ദേവരാജനു സമൻ; പീവരഗുണഭൂമി;
ശ്രീപതി, ശിവഭക്തിദീപദീപിതചിത്തൻ
ശേവധിപതിക്കാപ്തൻ, പാവനാചാരവൃത്തൻ,
ഭൂദേവവാത്സല്യയുതൻ, സമ്മതതപോവൃദ്ധൻ,
ജീവമവാഗമങ്ങൾക്കു ബുധനമ്മഹേശ്വരഭക്തൻ.
ഭാഗ്യവാരാതെ സുഖം വാഴുവാനവനുള്ള-
ശേഷാശാസാരാകരമോഷധിപ്രസ്ഥം പുരം.
ദേവതമാരെസ്സാന്ദ്രയായോഷവർജ്ജിതനഗരം
പുഷ്പരാഗമണിദീപിതാന്തരാഗാരം.
അമരാവതി സഖി, മധുരായോദ്ധ്യാ ചേദ്യാ
വിതരാസ്തച്ചേടികൾ; നിതരാം നന്നപ്പുരി.
ഉദരേ വാഴുന്നവരമരാമരർ; തേഷാം
മൂദിരമാർഗ്ഗം പാർശ്വേ നഗരാജന്റെ പാർശ്വേ.
സുതരാം ഭൂതനാഥമസൂരാദികൾക്കെന്ന
ഗിതരൊന്നിരിക്കട്ടെ; കഥയാമൃതം കഥാം.
മാനനീയോരുഗുണൻ സാനുമാനൊരുദിനം
ഭാനമാതാദികളോടും സ്നാനസംഭ്രമവശാൽ
മാനസം സരോവരം മീനസംഘട്ടോജ്ജ്വലൽ-
ഫേനസംഭിന്നവീചിമീനസംഘീനപ്രവൃദ്ധി-
നാനാസഞ്ചാരിഹംസ സപാനസങ്ങള്ള-
സ്ഥാനസംപ്രദർശനമാനസല്ലാപപരം
ഘ്രാണസന്തുഷ്ടദ്രവപ്രീണനഗന്ധവാഹ-
മാനാപമാനകരം മാനാപദോഷഹരം
മേനാവല്ലഭൻ പ്രാപിച്ചുനാതിരേകവിനം
പീനാംഗീരപൂരം പാനകസുധാസപാദ്യ-
ശീതനിർമ്മലജലം പൂതസംഗണിതീർത്ഥ-
ജാതപാത്രോൽസ്നാവാത പാതപാവിതം നിത്യം
ഏണാമൃണജപുസ്നാനസപര്യ
ധ്യാനതർപ്പണസപാദ്യോയാദികനിത്യകർമ്മം
ചെയ്തു സംപ്രീതനായി നൽച്ചേലസംവീതനായ്-
പ്പൂതനായ് നികേതനം യാത്രയാരംഭിച്ചപ്പോൾ
പഞ്ചയജ്ഞാദിപുണ്യസഞ്ചയം സചയം വാ കിം?

കിഞ്ചന നോക്കിനിന്നു കൊഞ്ചുന്ന മൊഴികേട്ടു.
അമ്മൊഴി തേടിച്ചെന്നു കൺമുന മനസ്സുമാ-
യുന്മനായിതം ക്ഷണം തന്മയും വന്നു ഘനം.
കല്പകവല്ലീപുഷ്പതല്പശായിതൻ കായ-
മുല്ലതാം കന്യാരത്നമക്ഷിഗോചരമായി.
ദൃഷ്ടികൾക്കതു സുധാവൃഷ്ടിയെന്നതു തോന്നി;
തുഷ്ടിയും പൂണ്ടു നിധികിട്ടിയപോലെ മനം.
എന്നപ്പോൾ ഹിമഗിരിമന്നനാനന്ദമഗ്നം
തന്നെത്താനറിയാതെ നിന്നുപോയ് വിസ്മൃതനായ്
ചെന്നപ്പെൺകിടാവിനെസ്സന്നിധൌ നിന്നുകണ്ടു
കന്ദർപ്പബീജകാന്തികന്ദളവിളനിലം.

„എന്തപ്പാ! ഹന്ത! നല്ലൊരുണ്ണിപ്പെണ്ണിൻെറ രൂപം
വർണ്ണിപ്പാനാരാലാവൂ? കണ്ണിപ്പോൾക്കണ്ണായി മേ.
ചന്ദ്രബിംബമായ് വരും സുന്ദരമുഖാംബുജം
കന്ദമന്ദാക്ഷോദാരമന്ദഹാസാലംകൃതം.
പാദപാശങ്ങൾ കണ്ടു തീരും താമരകളെല്ലാം
പാരിജാതങ്ങളെല്ലാം ഭൂരജാതികൾ പാരിൽ.
പാരിജാതങ്ങളെന്നാൽ മേരുജാതങ്ങളെന്നാം;
മേ രുജാ താനേപോയി; തീരുമെന്നാൽ വിശേഷം.
ഭൂരിശോഭാലവാലം ചാരിളംഭ്രൂലതൂലം
താരിലേ മാധുര്യവും സാരലാവണ്യപൂരം.
ഭൂരിശോ ബാല്യോചിതശൈശവചാപലനേ പാരേ
മാറിലായതാരു ചെപ്പുകൾ പാരമൊരാശ്ചര്യ പോൽ!
ഭൂരജോമേളമുതിരോ പാരമെന്നാലും കോമള;
ഹീരശോഭയ്ക്കോ ഹാനി ഹി! ഭംഗോരാജിതമേ?
ഹാരികാകാരം വേഷം മുഗ്ദ്ധതാമാധുരിതാ.-
മാരഹോ? ജാനേ കഥം താർ[illegible]?
കാ രതിശചീരമാദേവിമാർക്കാപ്പുശ്യാമികൾ?
മാരതിലക്ഷ്മീശചീമാരിവയെന്നോർക്കണം.
വെണ്മതിത്തെല്ലാണല്ലീ നന്ദനശല്ലാ മെയ്യെ
കിമുതേ പൂർണ്ണം, എന്നാൽ മന്മഹേ മഹേശാനി."

അദ്രിരാജന്യൻ ധന്യൻ ചിത്രസാദനം പിമ്പൻ
ക്ഷുദ്രസംസാരമെന്നിദ്രയും കളഞ്ഞേവം

ഏതൃജാതരില്ലാണെൻ മൃതനാരില്ലാണെൻ
അദ്രികാമിനീമറിഞ്ഞുടനം കൂപ്പി വാഴ്ത്തി.
"കമ്മ തേറ നമസ്കാരമംബ! തേറ! പ്രസീദ മേ,
സ്വംഭവോപാകിലോകസ്സംഭവേതവേ തുഭ്യം.
നിർമ്മലേ! നിത്യാനന്ദേ! ശർമ്മദേ! ശോണാധരേ!
ധർമ്മദേവതേ! കംബുകന്ധരാശയേ! ജയ.
പാരിൽ നീളെയും വ്യാപ്താ പാലിൽ നെയ്യ്പോലെ പാ-
നീലരത്നാഭാ ദീപ്തമഞ്ജലികാരൂപം പ്രാപ്താ. [ത്താൽ
ത്രൂലതാസൃഷ്ടലോകപാലനത്തിനോ ചെയ്ത നീ
നീലലോഹിതവാമേ! കാലമോ ലീലായിത?
പാലമോ ഭവാന്നവേ കോലമിക്കാണാതതും?
ശീലമോ നിൻചില്ലിമ പാവനം ജഗത്തിന്റെ?
തൽകാലോചിതയുക്തിതക്കാലോചിതം ഭവം
ദഗ്ദ്ധാളിതം തവ ഭ്രൂക്കാലോ തിരവതും?
അക്കാലിപ്രിയമാണം ഭിക്കാലനിവേദനം
സൽക്കാരപൂർവ്വം തഥാ ദൃക്കാലോ നിയോജിതം?
ഭൂകാലോടണവതോ തികാലാവതല്ല മേ;
ദുഃഖോപാവതു കേണെൻ; വൈപാ ലോചനമെനഹ്.
ദുർഗ്ഗേ! ദുർഗ്ഗവൈരിവർഗ്ഗവിച്ഛേദിനീ ദേ!
മൽഗേഹം പാഹി ഭദ്രേ! ഭർഗ്ഗഗാത്രാലങ്കൃതേ!
അംബികേ! മമ ഹൃദി ചിന്മയമിഹ രൂപ-
മുന്മിഷേദനാരതം കന്മഷവിച്ഛേദനം
ധൌമ്യനാരദാദീനാം ബ്രാഹ്മണദേവർഷീണാം
ചാർമ്മണം കൺകൊണ്ടാലിൽ കാണ്മാനും കിട്ടാ നിന്നെ.
വാങ്മനസാതിക്രമിം രൂപം മനീഷികൾ ചൊല്ലും;
ഞാൻ മഹാജാഡ്യമനിന്ന കാണ്മതിന്നാളല്ലല്ലോ.
ആണുമെയെന്നുമേ കിം മേ? കാരണമോ? ധൈര്യം ദ്രഢം;
തീർത്ഥ കേളെൻ മാതേ; മാം ഭേദപാഹി! പാഹി!
പ്രാക്കൃതം മനോ; മമ വാക്കുതേടിയിട്ടാണം വന്നു;
ദ്രാക് ശോധി ദോഹങ്ങളെ ശുദ്ധിണ്യദയാനിധേ!"
ഇപ്രകാരത്തിലൊരോന്നോ പ്രകാരത്തെ ചൊല്ലി-
ത്തൽപ്പദേ വീണു തൊഴുതപ്പോഴാലം നില്ക്കുമ്പോൾ
നില്പ്പൊരു ഗിരീന്ദ്രനോടൊപ്പം സ്തുതൾ ചെയ്തു-

ഉൽപലദളശ്യാമാ ചിൽപരിവൃഢരാമാ.
"സജ്ജനശിരോമണേ! നിർജ്ജനവനേ കിട-
ന്നിജ്ജനം മുഷിയുന്നു; വഞ്ചനം ചെയ്യായ്ക നീ.
മച്ചരിതങ്ങൾ ചൊല്ലാം, മച്ഛമനില്ലമയില്ല;
മിച്ചമില്ലൊരു ബന്ധു; പശ്യ ഞാനേകാകിനി.
അച്ഛിതൻ ഹിമശൈലനായകനാമച്യുതേശാനപ്രിയ-
നച്ഛനായ ഈ ഭവാനിജ്ജനത്തിനെന്നോർക്ക.
സത്യമെന്നമ്മ നിന്റെ പത്നിയാം മേനാദേവി;
നിത്യ മംഗളാത്മാവേ, കൃത്യങ്ങളെല്ലാം ചെയ്ക."
ശാശ്വതി ഭഗവതി ചാറ്റിവെച്ചൊരു വാചാ
വാച്ചൊരു താപത്തിന്റെ ഘോഷമോടായ് രാജാവിനെ.
ചൊല്ലിയോടെത്തനിക്കായാശ്വസിപ്പിച്ചു കൊണ്ടി
മാങ്കുയൻ മുമ്പേ ചെന്നു വീഴ്ക വരാതെ മാറിൽ
ഉജ്ജ്വലിതാനന്ദോദ്വേഗമർമ്മരാ വേഗം പോന്ന
പൂഞ്ചടിലതൻ ഭാഗ്യാതിരേകമപ്പോഴേ കാണമാൻ.
"പ്രേയസി! പുത്രകന്യേ! നീയതിഭയമെന്തിനാ;
പ്രിയസേ മറ്റൊരാരോന്നിൽ; പറയിതാ ഞായം കൈപാ.
തന്നോടെ ചെറുചൊതൽ കണ്ണുനീർ തുടയ്ക്കാതി
നെഞ്ഞിനെഞ്ഞിൽകൊണ്ടണഞ്ഞ തിങ്ങുമാനന്ദികളോരം
വണ്ണനൂതനമോടെ ചെയ്തു നൂന്ത്യമായാവുക്കണ്ണി
ക്കന്യേ നോക്കം വാക്കം നന്നനാരംഭവും!"
ഇങ്ങനെ പ്രേരിതനോ തിരുമുറ്റം കൊട്ടാരത്തിൽ
ശ്രംഗമെത്താരാജൻ ഭംഗുരളകമ്പിയായ്
അങ്ങു ചെന്നണയുമ്പോഴെങ്ങുമെൻ കാവിങ്ങുവാ-
യിങ്ങു കാണട്ടെയെന്നാളുംഗനാശിരോമണി.
ഓടിച്ചെന്നുവതാതം മെടിച്ചു മേനാദേവി
ഗാഢം നാഥനു പുല്കി ഗാഢവും മുഖം നൽകി.
കൈതവപെട്ടുതലപ്പോടം പ്രീതിഗദ്ഗദമോടം
മാതുരാനനം നോക്കിച്ചൊല്ലി തൽപുണ്യപാനം.
കണ്ടിരിക്കവേ താതൻ കന്യകാമണിയപ്പോടം
കണ്ണുമക്കെയും തണ്ടായ്ക്കൊണ്ടായി ദിഗംബരാ.
വിണ്ണിൽ നിന്നപ്പോടം ഗിരാ തിണ്ണമായ് പുഷ്പവൃഷ്ടി
കണ്ണിൽ പൂമ്പൊടി പാറി; പെണ്ണിനാം കണ്ണീർ വന്നു

ശംഖമദ്ദളനാദം മംഗളമാശീർവാദം
തുംഗസംഗീതമേളമംഗനോലൂലുധ്വനി.
അപ്സരോലാസ്യം ദിവി; ഗന്ധർവ്വവാദ്യം ഭുവി;
നിർജ്ജരോപാസ്തി ദിവി; ഗർജ്ജിതവ്യാപ്തി ഭുവി;
ഉദ്ധതനാട്യം ദിവി; പുസ്തകവാച്യം ഭുവി;
താനമാനാദി ദിവി; ദാനമാനാദി ഭുവി;
ഗാനമാനേകൻ ദിവി; സ്ഥാനമാനേകൻ ഭുവി;
വല്ലികാപൂർത്തി ദിവി; ചണ്ഡികാമൂർത്തി ഭുവി;
താപസഗോഷ്ഠി ദിവി; താപസന്മാർഷ്ഠി ഭുവി;
ദേവയാനാളി ദിവി; സേവകപാളി ഭുവി;
അംബികാജനനോത്സവസ[illegible]കോലാഹലം
എങ്ങഹോ യോഗീന്ദ്രനാമുണ്മയോടോതീടമോ?

അന്നേരം ഗിരിശനേ ചെന്നവരെല്ലാം കാണായ്-
വന്നിതാകാശമെല്ലാം പൊൻനിറം മിന്നൽ പോലെ.
പന്നഗരിപു സ്വയം വന്നിറങ്ങുന്നനേരം
മന്ദരസ്ഥൻ മുദാ ചെന്നെതിരേല്ക്കുന്നതും;
സന്നിധൌ നാരായണനഗ്ര്യകാന്തിയോടു-
മിന്ദിരാദേവിയോടും വന്നകം പുകുന്നതും.
ബ്രഹ്മാവിങ്ങെഴുന്നള്ളി നിർമ്മായം ഗിരീന്ദ്രനാ-
ലുന്മേഷത്തോടു ബഹുധർമ്മസംപ്രശ്നോത്തര
സമ്മാനനാദ്യാലാപസന്തോഷസമ്മേളനം,-
ഉല്ലാസബ്രഹ്മാനന്ദനിർമ്മാണമംഗളബന്ധം.
ദിക്പാലന്മാരെല്ലാം ചെററിപ്പാലെ [illegible]ന്നീടവി-
നിപ്പോൾ നല്ലവണ്ണം; നില്പാനാമെന്നാകിലോ.
മൽബാല! മൈനാകമേ! മുൽപ്പാടെ ചെല്ലുക നീ-
ലക്ഷ്യാശേ സത്വന്മാരെയേല്പ്പമങ്ങിരുത്തുക.
ഇപ്രായം സൽക്കർമ്മവു തപ്പാതെ നടക്കണം;
ഒപ്പാദി തടുക്കണം; സന്താവമെടുക്കണം.
ഉൽപാതങ്ങളും ബഹുകല്പാന്തങ്ങളും കണ്ടേ-
നാഹംപ്രീതിപൂണ്ടേ;നിന്നെന്നുംഭ്രാന്തികൊണ്ടെന്തുഫലം?”
ഇത്യാദി സുതനോടു കൃത്യാദി പറകയും
തത്ത്യാഗം പടിയാണെത്തോട്ടുദ്യോഗാൽ നടക്കയും.
“നിരൃതിയമാനിലവരുണന്മാരേ കനി-

ത്തരുളേണമേ;യിരുന്നരുളേണമേ സുഖം.
സുരന്മാർപരിവൃഢൻ വരുന്നാകിലോ കാര്യം;
പറഞ്ഞ സഭയിൽ നാമിരുന്നാലല്ലോ സുഖം.
ജ്വലന! ഭവാനിനിപ്പുരനാരം പിരിയൊല്ലാ;
നിലാവും നിന്റെയു കേറം കുലവും കുബേര! മേ;
ശശ! കൈതൊഴുതേൻ ഞാൻ ക്ലേശാദികളക നീ-
യാശാധിപതികളാ ഞാനാചാരം പടിഞ്ഞാറേ
കോശാനാം ഭിന്നകമെനിക്കെന്തുകിൽ ക്ലേശമില്ല:
നാശമില്ലാത്ത സന്താപത്താശയതുഷ്ടിയല്ലോ."
ഇങ്ങനെ വചനാമിതം സംഗമമാനങ്ങ-
ളെങ്ങുമേ; സംഗമസംഗതിയാക്കണേവൃ
ചിൽപതിശക്തിയെന്ന കല്പകവല്ലി വന്നി-
ങ്ങുതമേകിച്ചതിൽ സുഖമേറ്റമുല്ലാസമായക.
 താനാകവെണ്ണമെല്ലാം തന്നാകകമാരനും
മാനിച്ചാനെല്ലാരെയും പ്രീണിച്ചു മനുജന്മത്താൽ:
മലയ! മഹേന്ദ്രമേ! സഹ്യ ചിത്രകൂട!
വിളയാട്ടുക; വൃഥാ കളയാതെയ്യുടെ കാലം;
നിലയാക്കിറച്ചേപ്പുറം? തലയെടുക്കും മൈനാകം?
തെളികക്രമം പെരവ; തെളികക്കണികനീ;
വെളിവെന്തെറെവന്നതല്ലികെണ്ണപ്രിയ!
കളികണ്ണൻ! കൈലാസമേ! തെളികേ വരിക നീ;
~~ആടുകമല്ലൊടുള്ള~~ കളിയും കേടിനോ വൃഥാ:
പാവമിതിൽപ്പുറപ്പെടുവയുള്ളവർ ഞങ്ങളും.
ചാരുവാം കാന്തിപൂണ്ടിങ്ങാരയവാൻ വരുന്നതു?
ചന്ദ്രമോ? പിന്നാലെയെപ്പുരികാനുമോ കൂടെ?"
സമ്മദംപൂണ്ടിങ്ങനെ വാമനത്തളവന്മാർ
നർമ്മസല്ലാപം കളിനന്മയിൽ മേളപ്പെട്ടു.
 വസിഷ്ഠനത്രി ഭൃഗു ~~വിശ്വാമിത്രൻ~~ പൗലസ്ത്യ പ്രനം
വസിഷ്ഠനഗസ്ത്യ പ്രന ~~കശ്യപൻ~~ നാരദനും
സാധിഷ്ഠൻ മരീചിയും കോപിഷ്ഠൻ ദുർവ്വാസാവും
ശ്രേയിഷ്ഠം മുനിജനമാവിഷ്ടം മറ്റൊരുമ.
പട്ടധികളാമവർ തടിതിവന്ന പല
വടികളും ദണ്ഡും മെതിയടികളും കൃഷ്ണാജിനം

* 'തെളിയാ കണിക നീ' (പാഠാന്തരം).

മടിയിൽ വെക്ക ചിലർ; കടന്നാലടിപിടി
രടിതം നിർഘോഷണമിടയിലതിബാല്യം;
ഉടനങ്ങനുഗ്രഹം ദ്രുതമായാലിംഗനം
ഘടിതബഹുശ്രുതിപാഠനസ്തുതിനതി;
നടനമവതാളമുടനേ നിപതനം
ത്രുടിതയജ്ഞസൂത്രഘടനം വിലോഭനം.
മുഹുരിങ്ങനേ മഹാമുനിസംസദാ തദാ
മൃഗരാജ്ഞിയെയര്‍ച്ചിച്ചതികൗതുകാന്ധയാ
മുഖരീകൃതം ചിരം ശിഖരീശപുരം;
സുഖരീതികൾ വേറെ നഗരീവരാ മധ്യേ.
കവ്യവാഹനൻ സോമനര്യമാവഗ്നിഷ്വാത്തൻ
ദിവ്യരാം മററാർകളും നവ്യമാം സുഖോദയാൽ
ഊഹിച്ചങ്ങറിഞ്ഞുടൻ ദൌഹിത്രീജനനം നിജ-
ലോകത്തിൽ നിന്നു മണ്ടി വേഗത്തിൽപ്പിതൃഗണം.
സ്നേഹിച്ചു സ്വധാദേവി മേടിച്ചു കുമാരിയെ
ആകൃത്യാ നന്മ കണ്ടു മോഹിച്ചു മനോരാജ്യം.
ദാഹിച്ചു തിലോദകം യോജിച്ചു കുടിച്ചിതു-
ന്നോകിച്ചു ഹിമാലയേ പൂകിച്ചാരാശിസ്സുകൾ.
അദിതി ലോപാമുദ്രാപ്രസൂത്യനസൂയാരുന്ധതി
ധരണി ലക്ഷ്മി വാണി സംജ്ഞയും സാവിത്രിയും
യമുനാ ഗംഗാ സരസ്വതിയും ഗോദാവരി
വിനതാ സ്വാഹാദേവി ദേവപത്ന്യാദികളും
പെരിയ പാതിവ്രത്യാപരിഷൽ കൂടിച്ചേരെ
പരിരംഭണം തമ്മിൽ പരിതോഷാഭാഷണം.
പരമന്നവരുടേ ചരിതം മനോഹരം
പരമശിവ! മമ പറയാവതല്ലേതും.
പരിതോ മേനാദേവികരികേ ചൂഴ്ന്നിരു-
ന്നൊരുമിച്ചാശീർവ്വാദം നിരവേ ബഹുവിധം;
കരതാരിലേ മേടിച്ചരിയോരാലാളനം;
ചിരസാന്ത്വനം; പുനരപി സംഭാവനം;
മുദഹാസസാക്ഷ്യാദി കണ്ടിതരേതര-
മിതരകരാർപ്പണം മുദഗാത്രാമർശനം.
കളിച്ചു വളരേണം ഖലരെ മുടിയേണം
ഗതി നീ സതാമെന്നും ഘനശ്യാമളയെന്നും

ചതുരാശ്രയാ എന്നും ഛലയാരാതിയെന്നും
ജനനി ജയിക്കെന്നും ഝടിതി വദിക്കെന്നും.
ടഠഡഢണായും ഥായും പാഃ; വാമാ; വാ മമ
ഞെരുങ്ങണനപ്രായേ ഭണിതേ കൊതിയെന്നും
തരളാ മാനസ്യാ ബാല്യേ തവ ഞാൻ മാതാവെന്നും
ദളിതാജ്ഞാനകായേ ദയിതം ജയിക്കെന്നും.
ധവവത്സലാ ഭവ; ധയ മേ കുചമെന്നും
നതവത്സലേ തപയാ ന വയം ഭേദയാ എന്നും
പരമശിവഭക്ത്യാ പാഹി നീ വിഭ്വയെന്നും
ഫലിതാ പാപമെന്നും ഫലിതം ജന്മമെന്നും
ബലവാൻ ഭാരസ്തവ ബഹു ബന്ധുതയെന്നും
ഭഗവൽപ്രിയാ ഭവ ഭജ കാരുണ്യമെന്നും
മദനാശിനി ഭവ മാരിക്ഷീ ശിവനെന്നും
യമനിഷ്ഠയാ ചിരം യശസാ വർത്തിക്കെന്നും
